ത്ഥം അങ്ങിനെയല്ല. സ്വരംകേട്ട ദ്വേഷ്യപ്പെടുകയാണെന്നു തെററിദ്ധരിച്ച്, എതിരു പറയുമ്പോഴും, കൂലിക്കാർ പറയുന്നതെന്തെന്നറിയാതെ പരസ്പരം തെററിദ്ധരിച്ചു വഴക്കും ബഹളവുമുണ്ടാകുന്നതായിരിക്കാം. മററു ചില ആരോപണങ്ങളുണ്ടെങ്കിലും എനിക്കു നേരിട്ട് ഒരു പരാതിയും അന്വേഷിക്കാനിടയായിട്ടില്ലാത്തതിനാൽ, ഒന്നും പറയണമെന്നുവിചാരിക്കുന്നില്ല. കേൾവിയെല്ലാം പരമാർത്ഥമാണെന്നുണ്ടെങ്കിൽ ദിവാൻ പ്രസിഡൻറ് തന്നെ ഇതിലേക്കു ഒരു ചെറിയ താക്കീതു കൊടുത്ത് ഈ എക്സ്പെർട്ടിനെ ഇവിടെ നിന്നും കളയാതെ കളിമണ്ണു വ്യവസായം നടത്തിക്കുന്നതിൽ എനിക്കു വിരോധമില്ല. കീഴ്സിൽബന്ധികളോടുള്ള പെരുമാററം കുറെക്കൂടി വ്യത്യാസപ്പെടുത്തുകയും താഴ്ന്നസ്വരത്തിൽ സംസാരിക്കുകയും, കൂലിക്കാരോട് സ്നേഹത്തോട് കൂടി പെരുമാറുകയും ചെയ്യണമെന്ന് ഈ വിദഗ്ദ്ധനെ ഉപദേശിക്കണമെന്ന് ഗവൺമെൻറിനോടപേക്ഷിച്ചുകൊണ്ട് ഞാൻ വിരമിക്കുന്നു.

MR. T. T. KESAVAN SASTRI: സർ, ഈ ഉപക്ഷേപത്തിൻെറ തത്വത്തോട് ഞാനും അനുകൂലിക്കുന്നു. കൂലിക്കാരോട് നമ്മുടെ കളിമൺ ഫാക്ടറിയിലെ പ്രധാന ആഫീസർ വളരെ കർക്കശമായ രീതിയിലാണ് പെരുമാറുന്നതെന്നു ഇവിടെ പലരും പ്രസ്താവിക്കുകയുണ്ടായി. ഈസ്ഥാപനത്തിൻെറ മേലദ്ധ്യക്ഷനെന്ന നിലയിൽ എക്സ്പെർട്ട് കൂലിക്കാരോട് ദാക്ഷിണ്യപൂർവ്വം പെരുമാറിയാലും ഭരണം നടത്തിയാലും ഗവൺമെൻറും പൊതുജനങ്ങളും ഉദ്ദേശിക്കുന്ന നിലയിൽ ഉപരിയായ ഫലവും ഉയർച്ചയും സംസിദ്ധമാകുമെന്നാണ് എൻെറ വിനീതമായ അഭിപ്രായം. അല്ലാതെ കൂലിക്കാരും അവരുടെ നേതൃത്വം വഹിക്കുന്ന ആഫീസറും പരസ്പരം സ്നേഹവും വിശ്വാസമില്ലാത്തവരായി വർത്തിക്കുകയാണെങ്കിൽ അതിൽനിന്നുണ്ടാകാവുന്ന ഫലം വിപരീതമായിരിക്കുമെന്ന് ഞാൻ പറയാതെ തന്നെ ആർക്കും അറിയാവുന്നതാണ്. കളിമൺ ഫാക്ടറിയിലെ കൂലിക്കാർക്ക് അവർ അർഹിക്കുന്നതായ കൂലി നൽകുകയും തന്മൂലം അവർക്ക് അതു പ്രയോജനപ്രദമായിത്തീരാൻ ഇടയാക്കുകയും ചെയ്യണം. സാധാരണ വേല കിട്ടാതെയും ജീവിതസൗകര്യമില്ലാതെയും അനവധി സാധുജനങ്ങൾ സങ്കടമനുഭവിക്കുന്ന ഈ സന്ദർഭത്തിൽ കളിമൺ ഫാക്ടറിയും ഗവൺമെൻറിൻെറ നേതൃത്വത്തിലും ചുമതലയിലും നടത്തുന്ന മററു സ്ഥാപനങ്ങളും വളരെ സഹായകമാണു. കുണ്ടറ കളിമൺ ഫാക്ടറിയിൽ പി-

[Mr. T. T. Kesava Sastri.]

ന്നോക്കസമുദായത്തിൽപ്പെട്ട ആളുകൾ തീരെയില്ല. പിന്നോക്കസമുദായക്കാരിൽ പലരും ഫാക്ടറിയിലെ ജോലികിട്ടാൻ അപേക്ഷകൾ അയയ്ക്കുകയും സമീപിക്കയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ ശ്രദ്ധിക്കുവാൻ മനസ്സുണ്ടായിട്ടില്ല. ഗവമ്മെൻറിൻെറ ദയവേറിയ ദാക്ഷിണ്യവും സഹായവും കൊണ്ട് മുൻപോട്ടുവരുന്ന ഇവിടത്തെ സാധുസമുദായങ്ങൾ ഇതുമാതിരിയുള്ള സ്ഥാപനങ്ങൾമുഖേന ഉയൎന്നുവരുവാൻ താല്പൎയ്യമുള്ളവരാണെന്നുള്ളതുകൊണ്ട് ജനങ്ങളുടെ ക്ഷേമകരമായ അഭിവൃദ്ധിയെ സദാ കാംക്ഷിച്ചുകൊണ്ടിരിക്കുന്ന തിരുവിതാംകൂർ ഗവണ്മെൻറ് ഈ സമുദായത്തിലെയും അംഗങ്ങളെ ഇതിൽ പ്രവേശിപ്പിക്കയും സഹായിക്കയും ചെയ്യണം. ഈ സന്ദൎഭത്തിൽ ഒരു കാൎയ്യം ബഹുമാനപ്പെട്ട ഗവമ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. കൂലിവേലകൊണ്ട് ജീവിതംകഴിക്കാവുന്ന പല പല സ്ഥാപനങ്ങളും ഇവിടെയുണ്ട്. ഇവിടത്തെ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽ ലക്ഷക്കണക്കിന് ആളുകൾ കൂലിവേല ചെയ്കയും പ്രതിഫലം വാങ്ങുകയും ചെയ്യുന്നുണ്ട്. എന്നാൽ പുലയർ മുതലായവർ ഇവിടെയും നാമമാത്രം പോലും ഇല്ല. ഏകദേശം ആയിരത്തിൽപരം മേസ്ത്രിമാർതന്നെ ഈ ഡിപ്പാർട്ടുമെൻറിൽ ഉണ്ടു. വേലക്കാരുടെ വിവരം എടുത്തു പറയാൻ സമയംപോരാ. ജോലിചെയ്യിക്കുന്ന ആളുകൾ ജോലിചെയ്യുന്നവരോട് ദയാപൂൎവ്വം പെരുമാറിയില്ലെങ്കിൽ അതു വളരെ സങ്കടകരമാണ്. സർ, ഫാക്ടറിയിലെ കൂലിക്കാരും ഫാക്ടറി അധികൃതന്മാരും ഛിദ്രിച്ചും അവിശ്വസിച്ചും പെരുമാറുകയാണെന്നുവന്നാൽ ഈ സ്ഥാപനത്തിൻെറ പുരോഗതി പ്രയോജനരഹിതമാകുന്നതാണ്. വളരെ പ്രാധാന്യമർഹിക്കുന്ന ഈ പ്രശ്നം ഗവണ്മെൻറ് ദയാപൂർവ്വം പരിചിന്തനംചെയ്കയും ഫാക്ടറി അധികൃതൻെറ നടപടികളെ സംബന്ധിച്ച് പ്രത്യേകം വിചിന്തനംചെയ്കയും ചെയ്തു ഈ സ്ഥാപനത്തെ നയിക്കണമെന്നുള്ള താല്പൎയ്യത്തോടുകൂടി ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. N. VELU ACHARI: സർ, ഈ നാട്ടിലെ തൊഴിലാളികളുടെ ദുരവസ്ഥയെ പരിഹരിക്കത്തക്കവണ്ണം ദിവാൻപ്രസിഡൻറ് അവർകൾ ഇവിടെ ഗവണ്മെൻറ് ഭരണം കയ്യേററതുമുതൽ കളിമൺ ഫാക്ടറിയെപ്പോലെയുള്ള വൻ വ്യവസായങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. മഹാരാജാവുതിരുമനസ്സിലെ ജനവിഭാഗങ്ങളിലുള്ള പട്ടിണിപ്പാവങ്ങളെ രക്ഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇപ്രകാരമുള്ള സ്ഥാ-

പന്തങ്ങളും അദ്ദേഹം നടപ്പിലാക്കിയിട്ടുള്ളതു്. തിരുവിതാംകൂറിന്റെ ചരിത്രത്തിൽ ഇത്ര വമ്പിച്ച വ്യവസായങ്ങൾ ഇതിനുമുമ്പ് ഇവിടെ ഉണ്ടായിട്ടില്ലെന്നുള്ള സംഗതി സുവിദിതമാണ്. പ്രകൃത്യാതന്നെ ധാരാളം സാധനസാമഗ്രികൾ ലഭിക്കുന്ന ഈ രാജ്യത്തു് ഇപ്രകാരമുള്ള സ്ഥാപനങ്ങൾ വളരെ അഭിവൃദ്ധിയെ പ്രാപിക്കുമെന്നു് ദിവാൻപ്രസിദ്ധന്റവർകളാണു് ആദ്യമായി കണ്ടുപിടിച്ചതു്. ഞാനും ഈ നാട്ടിലെ ഒരു ചെറിയ വ്യവസായിയാണ്. വ്യവസായത്തിലുള്ള വൈഷമ്യങ്ങൾ അതിലുണ്ടാകാവുന്ന നഷ്ടങ്ങൾ, ആ വ്യവസായത്തിനു അഭിവൃദ്ധിയുണ്ടാകുന്നതുവരെ നേരിടാവുന്ന ക്ലേശങ്ങൾ ഇവ എന്തെല്ലാമാണെന്നു എനിക്കറിയാൻ സാധിക്കും. ഇവിടെ ഈ മോഷനെ സംബന്ധിച്ചു് പ്രസംഗിച്ച കൂട്ടത്തിൽ ഈ സഭയിലെ ബഹുമാനപ്പെട്ട മെംബറന്മാർ പലരും ഈ വ്യവസായത്തെ അവഗണിച്ചു സംസാരിച്ചു. മെംബർ മി. പെരേര, ഒരു നല്ല വ്യവസായിയും വലിയ സ്ഥാപനങ്ങൾ നടത്തി പ്രസിദ്ധിനേടിയ ഒരാളുമാണ്. അദ്ദേഹം ഈ പ്രമേയത്തെ എതിർക്കുകയാണു ചെയ്തതു്. അതുപോലെതന്നെ ഈ നാട്ടിലെ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തണമെന്നു് ആഗ്രഹമുള്ള ബഹുമാനപ്പെട്ട മററു ചില മെംബറന്മാരും ഈ ഉപക്ഷേപത്തെ എതിർക്കുകയുണ്ടായി. പരമാർത്ഥത്തിൽ വല്ല കുറവുകളും ഈ സ്ഥാപനത്തിന്റെ നടത്തിപ്പുകാർക്കു് ഉണ്ടായി എന്നു വന്നേക്കാം. എന്നാൽ അതു ക്ഷമിക്കത്തക്കതു മാത്രമാണ്. മി: സിങ് ജോലിക്കാരോടു് ന്യായമായി പെരുമാറുന്നില്ല എന്നുള്ള പരാതിയാണു് പ്രധാനമായി അദ്ദേഹത്തിൽ ആരോപിച്ചിരിക്കുന്നതു്. എന്നാൽ ജോലിക്കാർ അദ്ദേഹത്തെ അനുസരിക്കുന്നുണ്ടോ എന്നുള്ളതു് ആരും ചോദിച്ചു കാണുന്നില്ല. ഈ ഡിപ്പാർട്ടുമെന്റിനു ലാഭമുണ്ടാകത്തക്കവണ്ണം പ്രവർത്തനം നടത്തണമെന്നുള്ള ആഗ്രഹം എല്ലാവർക്കും ഉണ്ടോ എന്നുള്ളതു സംശയമാണ്. ജോലിക്കാർ ശരിയായ വിധത്തിൽ ജോലിചെയ്തില്ലെങ്കിൽ ആ സ്ഥാപനത്തിന്റെ നേതാവു് എന്തെങ്കിലും ചെറിയ ശാസനകൾ ചെയ്തു എന്നുവരാം.

MR. M. R. NARAYANA PILLAI: ബഹുമാനപ്പെട്ട മെംബർ അടിച്ചാണോ ജോലി ചെയ്യിക്കുന്നതു് ?

MR. N. VELU ACHARI: അടികൊള്ളേണ്ടവർ മാത്രമേ അടികൊള്ളുകയുള്ളൂ.

MR. A. K. KUMARAN VAIDYAN: അങ്ങനെ അടിച്ചാൽ കേസിനു പോകുന്ന പതിവുണ്ടോ?

MR. N. VELU ACHARI : ക്രിമിനൽ നടപടിപ്രകാരം പരിഹാരം ഉണ്ടാക്കാവുന്നതാണ്.

രണ്ടാമതായി എനിക്കു പറയുവാനുള്ളത് ഈ വ്യവസായത്തിനു ൫൫ ലക്ഷത്തിൽ ചില്വാനം രൂപ ചെലവായിപ്പോയി. അതുകൊണ്ട് ഇങ്ങനെയുള്ള വലിയ തുകകളും മററും ചെലവാക്കുന്നതു ശരിയല്ല, എന്നു ചില മെംബറന്മാർ ഈ സഭമുമ്പാകെ പറയുകയുണ്ടായി. എന്റെ അഭിപ്രായം പറയുകയാണെങ്കിൽ ഇതുപോലുള്ള വ്യവസായങ്ങൾക്ക് ൫൫ ലക്ഷമല്ല ൬൦ ലക്ഷമല്ല, ൫൦൦ ലക്ഷം രൂപ ചെലവാക്കിയാലും പോരാ എന്നാണ്. ചെലവാക്കിയ രൂപാക്ക് തക്കതായ ആദായം ഉണ്ടോ എന്നാണ് നാം നോക്കേണ്ടതു. ഈ സ്ഥാപനം ക്രമപ്രവൃദ്ധമായ നിലയിൽ നടത്തണമെങ്കിൽ അതിന്റെ നേതാവിന് ഗവമെന്റിന്റെയും ജനങ്ങളുടെയും സഹകരണം വേണം.

RAJYASEVAPRAVINA G. PARAMESWARAN PILLAI : Sir, I desire to remove certain misapprehensions entertained by some of the honourable members on this subject. In regard to the working of this factory, Government are as keen as the honourable members themselves in keeping up the efficiency of this important industrial concern in the State. I need hardly remind the House that at the early stages of a venture like this, perhaps of a very novel character on this side, or even in South India, it is but natural that there should be some delay before the concern could yield profit. The preliminary expenditure that had to be incurred till Kumbhom 1115 when, the factory was formally opened, has necessarily to be regarded as an item of expenditure on which no profit can be shown. At the early stages of the working of the factory, greater attention was devoted the mining side, than the manufacture of ceramic wares. For, at that time it was realised that it might not be possible having regard to the cheapness of the articles of the ceramic ware available from other places in India and from Europe for us to compete in the matter of porcelain materials. Our main competitor was Japan which, as the House may be aware, competed even with European markets in regard to ceramic ware.

Now, from Kumbhom 1115, the mining operations went on vigorously and the question was to find a suitable market for refined clay. It may be stated in this connection, that there were certain industrial concerns in Upper India which for certain reasons indulged in efforts to run down the quality of the clay which was being refined and made available from Kundara. The attempt, therefore was to advertise the particular quality of the clay available here and to find a good market in India. I may mention for the information of honourable members of this House that at the early stages, even before the factory had attained its present development, certain concerns of world-wide fame

who have undertaken the sale of Kerosine came to Travancore, interviewed the Dewan and attempted to negotiate terms for the wholesale purchase of the clay as and when it was manufactured and sent out from the factory. The rates they offered when compared to what we have now been able to get, were very, very low, and therefore the negotiations fell through. We have got better terms and our refined clay commands a very favourable market throughout India

PRESIDENT: The honourable member has only one minute more.

RAJYASEVAPRAVINA G. PARAMESVARAN PILLAI: Secondly, in regard to the profit and loss accounts which were mentioned here, I may submit that as in the case of the accounts of the Transport Department, the figures shown in the Budget are as cash basis and not as Commercial basis. But the figures which have already been placed in the hands of the honourable members by the Ceramic Expert and which were referred to yesterday, would show that they were prepared on the basis of commercial accounting and actually it will be seen that both in the year 1116 and in the year 1117, the profits were very appeciable.

MR. KANNANTHODATH JANARDANAN NAIR: Before deciding whether I should press the motion or withdraw it, I should like to give one or two words of explanation. I find that my motion has been misconstrued and misunderstood by many of the honourable members. Sir, I was only suggesting that, because the management of the factory has not been very efficient, the administrative control of the factory be handed over to somebody else, the Ceramic Expert remaining there as such.

PRESIDENT: On that matter, I think sufficient elucidation has been made.

MR. KANNANTHODATH JANARDANAN NAIR: Some honourable members were speaking on the understanding that I wanted the Expert to be sent away. That was not my motion at all. He can be retained while the control alone may be taken over by another body. One or two honourable members said that I was entering into his private life making pictures of his character etc. Sir, I perfectly remember what I said; that I did not want to interfere in such matters however serious such matters be.

PRESIDENT: Why flog a dead horse? When the honourable member spoke about that, I ascertained from the honourable member Mr. Janadanan Nair that he meant no personal offence and there is an end of the matter, Why should we go again into the matter.

MR. KANNANTHODAMH JANARDANAN NAIR: Sir, if I am to understand that Government accept the proposition of separation of the administration of the expert side of the factory all that can be said is......

RAJYASEVAPRAVINA G. PARAMESWARAN PILLAI: The observations that have been made on the floor of the House will receive very serious consideration of Government.

MR. KANNANTHODATH JANARDANAN NAIR: Then I do not want to press the motion.

The motion was, by leave, withdrawn.

The question that Government be granted Rs. 3,39,900 under Demand X—Clay Refining and Porcelain Factory, was put and carried.

The grant was made.

DEMAND XI— GENERAL ADMINISTRATION— EXCLUDING FINANCIAL SECRETARIAT ACCOUNTANT-GENERAL'S OFFICE, LEGISLATIVE BODIES AND LOCAL FUND AUDIT DEPARTMENT—Rs. 3,38,133,

RAJYASEVAPRAVINA G. PARAMESWARAN PILLAI: Sir, I move for a grant of Rs. 3,88,133 under Demand XI--General Administration—Excluding Financial Secretariat, Accountant's General Office, Legislative Bodies and Local Fund Audit Department.

The following motions were not moved.

183. To reduce the allotment of Rs. 18,610 for Assistant Secretaries by Re. 1.
184. To reduce the allotment of Rs. 18,610 for Assistant Secretaries by Rs. 5.

Motion No. 185

MR. VARKALA K. MADHAVAN: Sir, I move

To reduce the allotment of Rs. 15,200 for travelling allowance by Rs. 10.

My object, Sir, in moving this motion is to point out certain defects in the proper working of the Village Unions. These Village Unions are presided over by the respective Tahsildars of the Taluks concerned. Their headquarters are far away from the villagesconcerned and it may be possible for them to visit these villages only once in two months or three months. Vice-Presidents are not elected or appointed for carrying out the routine business in any of the Village Unions constituted so far. Many of their official members have their head quarters in far off places, so that their services are also available to these Unions only once in three months or so when the Union meetings are held. Therefore, unless and until Vice-Presidents are nominated or elected and are entrusted with the routine business of these bodies, it may not be possible to carry on their work. I know of Village Unions in my taluk which, although they were constituted two years ago, have not yet started functioning.

Another difficulty of these Village Unions is the fact that they are not in a position to collect the minimum amount required for the working of the bodies. Moreover, in these days of hardship, the people are also feeling the strain because the chief source of income of several Unions is derived by the levy of a percentage of land tax which is in excess of the tax paid by the ryots to Government. Therefore I have to suggest that the management of these bodies should as far as possible be invested in Vice-Presidents elected by the Unions themselves.

The House rose for lunch at 1 P. M. and re-assembled at 2 P. M.

NEW MEMBERS.

The following new members took the oath and signed the rolls:

Rajyasevapravina Khan Bahadur G. S. Abdul Karim Sahib Suhrawardy *Inspector-General of Police*).

MR. E. I. Chacko (*Director of Industries*).

MR. VARKALA K. MADHAVAN: Sir, I summarise what I have stated earlier. Government should do away with the Tahsildar-Presidents and nominate officials and non-officials who stay in the respective villages to be Presidents of the Unions. Government should abolish those Unions which have failed to collect the minimum amount of Rs.500 required for the working of the Union from the inhabitants of the village. Government should nominate only educated men as members of the Unions. With these suggestions I commend my motion for the acceptance of the House.

MR. M. SIVATHANU PILLAI: Sir, நான் ஒரு விஷயத்தை கவர்ண்மெண்டின் கவனத்திற்குக் கொண்டுவர விரும்புகிறேன். அதாவது நாகர்கோவிலின் பக்கத்தில் சுசீந்திரம் என்ற கிராமத்தில் ஒரு யூனியன் இருக்கிறது. அதற்கு சுசீந்திரம் யூனியன் என்று பெயர். சுசீந்திரம் பகுதியில் ரொம்பக் கூடுதலாக வீடுகள் உள்ள கிராமங்கள் மூன்று தான். இவைகளில் ஒரு கிராமம் மாத்திரம் ஒரு பெரிய கிராமம் என்று சொல்லலாம். அது சுசீந்திரம் கிராமம். இந்தக் கிராமத்தில் உத்தேசம் 500 வீடுகள் இருக்கலாம். இந்த யூனியனுடைய அதிர்த்தியானது (jurisdiction) சுசீந்திரம் பகுதி முழுவதும் என்று நான் அறிகிறேன். முன்சொன்ன மூன்று கிராமங்களைத் தவிர வேறு எல்லாவிடங்களிலும் ஆள் தாமசமில்லாதயிடமும், அவைகளெல்லாம் நிலங்களுமேயாகும். இந்த நிலங்களுடைய ஜென்மிகள் (உடமஸ்தர்கள்) பெரும்பாலாரும் பக்கத்திலிருக்கும் நாகர்கோவில் பட்டணத்தில் தங்குகிறவர்கள். அவர்களுக்கும் சுசீந்திரம் யூனியனுக்கும் யாதொரு விதமான பெந்தமும் கிடையாது. நாகர்கோவில் வாசிகளில் ஒருவராவது சுசீந்திரம் யூனியனில் மெம்பருமல்ல. சுசீந்திரம் யூனியனைப்பற்றியுள்ள சௌகரியங்களோ, நலங்களோ இவர்களுக்குக் கிடைக்கவுமுடியாது. அப்படியிருக்க நாகர்கோவில் வாசிகளும் சுசீந்திரம் பகுதி எல்லைக்குள்ளிருக்கும் நிலங்களுடைய ஜென்மிகளுமான இவர்களைக் கொண்டு சுசீந்திரம் யூனியனுக்கு வரி கொடுக்கவேண்டுமென்று வருகிறது நியாயத் தப்பும் கஷ்டத்தையும் கொடுப்பதேயாகும். அதாவது சுசீந்திரம் யூனியனிலிருந்து அந்த யூனியன் ஆவசியத்தைப் பொறுத்து சுசீந்திரவாசிகளிடமிருந்து மட்டும் வரி வாங்குவதை விட்டுவிட்டு சுசீந்திரம் பகுதியிலிருக்கக் கூடிய நிலங்களில் ஏக்கர் ஒன்றுக்கு $7\frac{3}{4}$ பணம் வீதம் வரி சுமத்தியிருக்கிறதாக நான் அறிகிறேன்.

MR. PUTHUPALLY S. KRISHNA PILLAI: May I know Sir, the rate of cess that is levied by the Union?

MR. M. SIVATHANU PILLAI: About 4 cash per cent. It works out at the rate of $7\frac{3}{4}$ fs. per acre.

அதாவது, நிலங்களில் ஸெண்டு (cent) ஒன்றுக்கு 5 காசு வீதம் வரி சுமத்தியிருக்கிறார்கள். இந்தமாதிரி நிலவரி சுசீந்திரம் யூனியனுக்குக்

[Mr. M. Sivathanu Pillai]

கொடுக்கவேண்டுமென்றால் சுசீந்திரம் கிராமத்தில் தாமசமில்லாதவர்களும் நாகர்கோவில் வாசிகளுமான அநேகரை இந்த வரி பாதிக்கும். ஆயக்கட்டு நிலங்களுக்கு கவர்ண்மெண்டு சுமத்திருக்கும் வெள்ளவரிகூட 7 பணந்தான் ஏக்கர் ஒன்றுக்கு இருந்துவருகிறது. ஆனால் வில்லேஜ் யூனியனுடைய வரி 7½ பணம். இது நிலவரியை இரட்டிப்பதேயாகும். அதுவும் யாதொரு பிரயோஜனமுமடையாத அயல்வாசிகளின்மேல் சுமத்தி வசூலிப்பதாகும். இந்தமாதிரியான சுசீந்திரம் வில்லேஜ் யூனியனின் தீர்மானம் கவர்மெண்டுக்கு அனுப்பப்பட்டு, கவர்ண்மெண்டும் அனுமதி கொடுத்ததாக நான் அறிகிறேன். இதையிட்டு அநேகம் நாகர்கோவில் வாசிகள் என்னிடம் வந்து பராதி சொன்னார்கள். கவர்ண்மெண்டுக்கும் மனு அனுப்பினதாகவும் சொன்னார்கள். கவர்ண்மெண்டிலிருந்து ஒரு நடவடிக்கையும் எடுத்ததாகத் தெரியவில்லை. லோக்கல் பண்டுடைய (local fund) கருத்துதான் என்னவென்றால், லோக்கல் ஸ்தாபனங்களைத் தழுவியிருக்கும் ஜனங்களிடமிருந்து அவர்களுடைய ஆவசியத்தை முன்னிட்டு அவசியம்போல் அவர்களிடம் வரி சுமத்தி வரி வசூல் செய்து, அந்தப் பணத்தைக்கொண்டு அந்த ஜனங்களுடைய சௌகரியத்திற்காகவும், சுகாதாரத்திற்காகவும் செலவு செய்யப்படவேண்டுமே அல்லாமல், இந்த சௌகரியங்கள் அனுபவிக்க முடியாத ஜனங்களிடமிருந்து வரி சுமத்தி வசூல் செய்வது சரியல்லவென்று தான். அப்படியிருக்க சுசீந்திரவாசிகளின் சௌகரியத்திற்காக, நாகர்கோவில் வாசிகள் வரி கொடுக்கவேண்டுமென்று வருவது லோக்கல் ஸ்தாபனங்களின் நோக்கத்திற்கு மிக முரண்பாடானது மாத்திரமல்ல ஒரு அக்கிரமமும் இழைப்பதேயாகும். இதற்கு கவர்ண்மெண்டாரும் அனுமதி கொடுக்கிறார்களென்று வந்தால் அதை என்னென்று சொல்வது என்று எனக்குத் தெரியவில்லை. இந்தமாதிரி யூனியன்களை ஸ்தாபிப்பதைவிட யூனியன்கள் இல்லாமலிருப்பது ஜனங்களிடம் அனாவசியமான கிளர்ச்சிக்கு இடம் கொடுக்காது என்று நான் சொல்லிக் கொள்கிறேன். ஆகையால் இதையிட்டு கவர்மெண்டார் இனிமேலாவது கவனம் செலுத்தி வேண்டியதைச் செய்வார்கள் என்று நம்புகிறேன்.

MR. A. K. KUMARAN VAIDYAN: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. വില്ലേജ് യൂണിയൻസ് സാധാരണയായിട്ടു ഗവമ്മെൻറിൽ നിന്നും ഏപ്പെടുത്തിയിരിക്കുന്നതു് തിരുവിതാംകൂറുകാരെ ഒരു ഭരണനയം പഠിപ്പിക്കുക എന്ന അർത്ഥത്തിലാണെന്നാണു ഞാൻ ധരിച്ചിരുന്നതു്. ഓരോ താലൂക്കുകളിലും വില്ലേജുയൂണിയൻ ഏപ്പെടുത്തി അവിടെയുള്ള ആളുകളെ അതിലെ അംഗങ്ങളായി നോമിനേററു ചെയ്തു് അവരെക്കൊണ്ടു കാര്യങ്ങൾ ശരിക്കു നിർവ്വഹിക്കാൻ തുടങ്ങിയാൽ ഗവർമ്മെൻറിനു ചുമതല കുറയുമെന്നുള്ള വിശ്വാസംകൊണ്ടും പൊതുജനങ്ങൾക്കു സൌകര്യപ്രദമായിരിക്കുമെന്നു കരുതിയും ആണു് ഇപ്രകാരം ചെയ്തിട്ടുള്ളതെന്നാണു് ഈ സംപ്രദായം ഇതു വഴി ഉത്തരവാദഭരണം സ്ഥാപിക്കുവാൻ വേണ്ടി കൂടിയാണു് ഉണ്ടാക്കിയതു എന്നു ഞാൻ വിചാരിക്കുന്നതു്. എന്നാൽ എൻെറ താലൂക്കിൽപ്പെട്ട കോട്ടുവള്ളി പകുതിയിൽ ഒരു

വില്ലേജുയൂണിയൻ സ്ഥാപിച്ചിട്ട മൂന്നുകൊല്ലത്തോളമായി. എന്നാൽ നാലഞ്ചുമാസങ്ങൾക്കു മുമ്പുവരെയും യാതൊരുവിധമായ പ്രവൎത്തനങ്ങളും നടത്താതെ എപ്പോഴും ഓരോ മീററിംഗുകൾ വയ്ക്കുക മാത്രമാണു് ചെയ്തുവന്നതു്. എന്നാൽ ഇന്നത്തെ ഊൎജ്ജസ്വലനായ തഹശീൽദാർ അവൎകളുടെ ആഗമനത്തോടുകൂടി ഒരു പുതിയ ജീവൻ വന്നു തുടങ്ങിയിരിക്കുന്നു. അദ്ദേഹത്തിന്റെ ശ്രമംകൊണ്ടു് ഇപ്പോൾ കാൎയ്യങ്ങൾ ഒരുവിധം ശരിയായി കഴിഞ്ഞു കൂടുന്നുണ്ടെന്നുള്ള സംഗതി ഞാൻ ബഹുമാനപ്പെട്ട ഗവൎമ്മെൻറിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. അവിടെ റോഡുകൾ, തോടുകൾ, കലുങ്കുകൾ മുതലായവ ഉണ്ടാക്കുവാൻ ഈ വില്ലേജുയൂണിയൻ കൊണ്ടു് സാധിക്കുമെന്നുള്ള ഉദ്ദേശമാണു് അവിടത്തെ ജനങ്ങൾക്കുണ്ടായിരുന്നതു്. എന്നാൽ അതിന്റെ പ്രവൎത്തനക്കുറവുകൊണ്ടു് അതിനിടവന്നിട്ടില്ല. ഇങ്ങനെയുള്ള വില്ലേജുയൂണിയനുകളിൽ തഹശീൽദാരന്മാരാണു് പ്രസിഡൻറന്മാരായിരിക്കുന്നതു്. അവൎക്കു വേറെ കൂടുതൽ ജോലിയുള്ളതുകൊണ്ടു ഒരു വൈസ്പ്രസിഡൻറിനെ കഴിയുന്നതും വേഗത്തിൽ, ഗവൎമ്മെൻറിൽനിന്നും തിരഞ്ഞെടുപ്പുമൂലമോ, നാമിനേററു ചെയ്തോ നിയമിച്ചു ഇതിനു പരിഹാരം ഉണ്ടാക്കിത്തരണമെന്നു ഗവൎമ്മെൻറിനോടു അപേക്ഷിക്കുന്നു. ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറുകാരുടേയും മററും ശ്രദ്ധയിൽപ്പെടാത്ത ഒരു സ്ഥലമാണു് കാട്ടുവള്ളി പകുതി വില്ലേജുയൂണിയൻ വന്നാൽ ചെറിയ ഇടവഴികളെങ്കിലും സഞ്ചാരയോഗ്യമായി തീരുമെന്നായിരുന്നു പ്രതീക്ഷ. ഇപ്പോൾ അങ്ങിനെ അല്ല. ഞാനും ആ വില്ലേജുയൂണിയനിലെ ഒരു അംഗമായിരുന്നു. ൧൧൦൭-ലെ ഒരുയോഗത്തിൽ മൂന്നുനാലു കിണറുകൾ കുഴിക്കുന്നതിനു നിശ്ചയം പാസാക്കി എസ്ററിമേററു തയ്യാറാക്കുന്നതിനു പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിലേക്കു അയക്കുകയും അവർ ഒരു കൊല്ലം കഴിഞ്ഞു എസ്ററിമേററു തയ്യാറാക്കി അയച്ചു തരികയും ആയതു് ലാൻഡ് റവന്യൂകമ്മീഷണൎക്കു അയച്ചതിൽ അദ്ദേഹം ആറെട്ടുമാസം വച്ചു താമസിപ്പിച്ചു് ശരിയല്ല എന്നു പറഞ്ഞു മടക്കി അയക്കുകയുമാണു ചെയ്തിട്ടുള്ളതു. ഇപ്പോഴാണു അതു് ശരിയായിവന്നിരിക്കുന്നതു് വെള്ളംകുടിക്കാൻ ഇല്ലാത്തകാലത്താണു് കിണറുകൾ കുഴിപ്പിക്കണമെന്നു ആവശ്യപ്പെട്ടതു്. എന്നാൽ ഇപ്പോൾ ഇടവമാസം പതിനഞ്ചാംതീയതി കഴിഞ്ഞശേഷം കിണറു കുഴിക്കാൻ തുടങ്ങുകയും മഴയുടെ ആധിക്യത്താൽ അതു് നാമാവശേഷമായി പോകുകയും ചെയ്തു ഇക്കാൎയ്യത്തിൽ ഗവൎമ്മെൻറു ഉടനടി വേണ്ടതു ചെയ്തുതരണമെന്നു അപേക്ഷിക്കുന്നു. ഈ യൂണിയൻ ശരിയായ നടപ്പിൽ വരികയില്ലെന്നും ഇതിൽ അംഗമായിരിക്കു

[Mr. A. K. Kumaran Vaidyan]

ന്നതിനേക്കാൾ ഇതിൽനിന്നും ഒഴിയുന്നതാണു നല്ലതെന്നു കരുതിയാണു ഞാൻ പിൻമാറിയതു. എന്നാൽ ഊർജ്ജസ്വലനായ ഇപ്പോഴത്തെ തഹശീൽദാരുടെ വരവിനുശേഷം കാര്യങ്ങൾ ഊർജ്ജിതത്തിൽ വരുന്നുണ്ടെന്നുള്ളതു ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഈ വില്ലേജുയൂണിയനിൽനിന്നും മൂന്നോ നാലോ കലുങ്കുകൾ ഉണ്ടാക്കണമെന്നും അഞ്ചോ ആറോ വിളക്കുകൾ സ്ഥാപിക്കണമെന്നും ഗവർമ്മെൻറിലേക്കു റിപ്പോർട്ടു ചെയ്തിട്ടുള്ളതായി ഞാൻ അറിയുന്നു. എന്നാൽ അതു് ഇതേവരേയും അനുവദിച്ചയച്ചിട്ടില്ലെന്നാണ് അറിയുന്നതു്. യൂണിയനെ സംബന്ധിച്ചുള്ള ജോലികൾ പാർവ്വത്യകാരന്മാരെയാണ് ഏല്പിച്ചിട്ടുള്ളതു്. അവർക്കു അനേകം ജോലികളുള്ളതുകൊണ്ടു ഈ ജോലികൂടി ചെയ്‌വാൻ വളരെ വിഷമമാണെന്നാണ് അവർ പറയുന്നതും എൻെറ അനുഭവത്തിൽ പെട്ടിട്ടുള്ളതും. അതുകൊണ്ടു ഇതിലേക്ക് ഏതെങ്കിലും ഒരാളെ സാരമായ ശമ്പളത്തിലല്ലെങ്കിലും ഓണറേറിയമായി വല്ല തുകയും കൊടുത്തു പ്രത്യേകം നിയമിക്കേണ്ടതാണെന്നും അപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. N. NARAYANA KURUP: സർ, പരീക്ഷണാർത്ഥം ഏതാനും വില്ലേജ് യൂണിയൻസ് ഗവണ്മെൻറിൽനിന്നും സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയിൽ ചിലതു നിയമത്താൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തരത്തിൽ പ്രവർത്തനം നടത്തുന്നില്ലെന്നും പ്രവർത്തനാരാഹിത്യത്തിൻെറ കാരണം പ്രസിഡൻറന്മാരായ തഹശീൽദാരന്മാർക്കു എല്ലാ യോഗങ്ങളിലും സന്നിഹിതരാകാൻ സാധിക്കാത്തതാണെന്നും അതുകൊണ്ടു മറെറാരു അനുദ്യോഗസ്ഥനേയോ അല്ലെങ്കിൽ സ്ഥലത്തുള്ള മറേറതെങ്കിലും സർക്കാർ ഉദ്യോഗസ്ഥന്മാരേയോ പ്രസിഡൻറന്മാരായി നിയമിക്കണമെന്നും മററും എൻെറ ബഹുമാന്യസ്നേഹിതൻ മി. മാധവൻ നിർദ്ദേശിച്ചു. എനിക്കു പറയുവാനുള്ളതു അനുവദിച്ചുകൊടുത്തു പ്രവർത്തനമില്ലാതെ കിടക്കുന്ന യൂണിയനുകളിൽ കുഴപ്പമുണ്ടെങ്കിൽ, ഒരു വില്ലേജുയൂണിയൻ വേണമെന്ന് ആവേശത്തോടുകൂടി അപേക്ഷിക്കുന്നവർക്കു അതു സ്ഥാപിച്ചു കൊടുക്കണമെന്നുള്ള ഒരഭിപ്രായമാണ്. ഒരു കൊല്ലത്തിനു മുമ്പുതന്നെ കുട്ടനാട്ടിലെ രണ്ടു പകുതികളിൽ ഒരു വില്ലേജുയൂണിയൻ സ്ഥാപിച്ചു തരണമെന്നു ഗവണ്മെൻറിനോടപേക്ഷിച്ചു. സ്ഥലത്തിൻെറ സ്ഥിതി നോക്കുകയാണെങ്കിൽ അവിടെയുള്ളവർ ആറുമാസം വെള്ളത്താൽ ചുററപ്പെട്ടവരാണ്. അവർക്കു ഗതാഗതത്തിനു തുടർച്ചയായിട്ടുള്ള വഴിയില്ല.

കുടിക്കാൻ ശുദ്ധജലം ഒരവസരത്തിലും കിട്ടാതെയും തോടുകളിലും ഇടവഴികളിലും സഞ്ചരിക്കണമെന്നുവരികിൽ പട്ടണപ്രദേശങ്ങളിലുള്ള തുപോലെ വെളിച്ചമോ മററു സൗകര്യങ്ങളോ ഇല്ലാതെയും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ശിശു ശുശ്രൂഷണത്തിനോ, പ്രസവകാല ശുശ്രൂഷയ്ക്കോ സൂതികർമ്മിണികളുടെ അഭാവം അവിടെ വളരെ ഉണ്ട്. ഇതുപോലെയുള്ള ഒരു സ്ഥാപനമുണ്ടെങ്കിൽ അവർക്കു ശുദ്ധജലത്തിനുവേണ്ടിയുള്ള പ്രാരംഭജോലികൾ തുടങ്ങുന്നതിനും മററും ധാരാളം സൗകര്യമുണ്ട്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽനിന്നും വരുന്ന അപേക്ഷകൾ വലിയ ആഗ്രഹത്തോടും ആവേശത്തോടുംകൂടി ഉണ്ടായിട്ടുള്ളതാണ്. ഇക്കാര്യത്തെപ്പററി കഴിഞ്ഞപ്രാവശ്യവും ഈ അസംബ്ലിയിൽ ഞാൻ പ്രസ്ഥാവിച്ചിട്ടുള്ളതാണ്. ചമ്പക്കുളം, നെടുമുടി ഈ രണ്ടു പകുതികളും പമ്പയാററിന്റെ രണ്ടു വശങ്ങളിലുമുള്ള പകുതികളാണ്. ഈ രണ്ടു പകുതികൾക്കുംകൂടി ഒരു വില്ലേജുയൂണിയൻ സ്ഥാപിച്ചുകൊടുക്കുന്നപക്ഷം അവിടത്തെ ശുചീകരണവിഷയത്തിലും മററ് അത്യാവശ്യമായ കാര്യങ്ങൾ നിർവഹിക്കുന്ന വിഷയത്തിലും വേണ്ട സൌകര്യം ലഭിക്കുന്നതിനും പുറമേ അവരുടെ സാമ്പത്തികാവശ്യങ്ങൾ സാധിക്കുന്നതിനു സൗകര്യമുണ്ടാകുമെന്നുമാണ് എനിക്കു പറയുവാനുള്ളത്. അതിനാൽ ഇക്കാര്യത്തിൽ ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതു പറയുമ്പോൾ അയൽദേശമായ മങ്കൊമ്പിൽ ഒരു വില്ലേജുയൂണിയനുണ്ടെന്നു മറുപടി പറഞ്ഞേക്കുമെന്നു വിചാരിക്കുന്നു. എന്നാൽ ഈ പറഞ്ഞ സ്ഥലങ്ങളിൽനിന്നും മങ്കൊമ്പിലേക്കു രണ്ടു മൂന്നുമൈൽ ദൂരമുണ്ട്. ഈ രണ്ടു പകുതികളിലുമുള്ള ഓരോ കരകളിലും ആയിരം രണ്ടായിരത്തോളം വീട്ടുകാർ താമസിക്കുന്നുണ്ട്.

MR. PADIYRA JOSEPH KUNJU: മങ്കൊമ്പ് എന്ന് ഒരു പകുതിയുണ്ടോ?

MR. N. NARAYANA KURUP: മങ്കൊമ്പ് പകുതിയല്ല, മുഴവനാണ്.

MR. PADIYARA JOSEPH KUNJU: മങ്കൊമ്പ് ഒരു മുറിയുമല്ലെന്നു മെംബർക്കറിയാമോ? എന്നാൽ മങ്കൊമ്പ് കോട്ടഭാഗം എന്ന ഒരു മുറിയിൽപ്പെട്ട സ്ഥലമാണ്.

MR. N. NARAYANA KURUP: അതിനാൽ മേൽപ്പറഞ്ഞ ചമ്പക്കുളം നെടുമുടി ഈ രണ്ടു പകുതികൾക്കുമായി ഒരു വില്ലേജുയൂണിയനെങ്കിലും സ്ഥാപിക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകണമെന്നു അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, I move that the question be now put.

The motion was put and carried.

RAJYASEVAPRAVINA G. PARAMESWARAN PILLAI: The desirability of making arrangements for the election of Vice-Presidents for the Village Unions was pointed out here. Draft rules for the election of Vice-Presidents have been published in the Gazette for public criticism and the draft rules are under consideration of Government for final publication. With the publication of these rules, arrangements will be made for the election of Vice-Presidents, wherever necessary,

MR. KOTTALIL P. ABRAHAM: May I know whether members are nominated or elected

RAJYASEVAPRAVINA G. PARAMESWARAN PILLAI Members are all nominated for the time being.

In regard to Suchindram, I would like to mention that that is the only Union where this particular system of cess on land has been introduced and it appears that the Union has favoured specially for the reason that there are inequalities in the tharams in respect of the rate of taxation in that area. It varies from Rs 10 to 25 per acre. Therefore it was considered equitable to have a sort of uniform basis of taxation based on acreage of land.

MR. M. SIVATHANU PILLAI: May I know whether the owners of the paddy fields who objected to the payment of the tax are citizens of of Suchindram or whether they are living outside the limits of Suchindram?

RAJYASEVAPRAVINA G. PARAMESWARAN PILLAI: Taxation is levied on the lands within the jurisdiction of this Union.

MR. M. SIVATHANU PILLAI: May I know whether the member is aware that tax is being levied even on those persons who live far away from the Union on properties within the pakuthi from which they do not get any return?

RAJYASEVAPRAVINA G. PARAMESWARAN PILLAI: Some territorial jurisdiction has to be fixed for the purpose of demarcating the area of the Union and tax is levied on the basis of the jurisdiction.

MR. M. SIVATHANU PILLAI: May I know why tax has been levied even though they are not living within the Village Union?

RAJYASEVAPRAVINA G. PARAMESWARAN PILLAI: That is a matter which the Union may consider.

In regard to the maintenance of roads, I would invite the attention of the honourable members to the Press Note which has already appeared on the subject. It reads as follows:—

> "Government have decided to entrust the maintenance of minor roads to those Village Panchayats and Village Unions which are really interested in the efficient maintenance of the minor roads within their respective jurisdictions, and which will execute the works to the satisfaction of the P. W. D. Officers who will exercise powers of supervision over the works as in the case of other P. W. D. works. Village Panchayats and Village Unions would for this purpose constitute and take the place of Bodies Corporate contemplated in the rules relating to the opening of ryots roads."

As regards the extension of Village Unions to other areas, I may submit that the policy of Government at the present moment is to consolidate the Unions already instituted by concentrating efforts on the development of 10 or 11 selected Unions throughout the State and a sum of Rs. 50,000 has been allotted for the purpose for the year 1118.

MR. M. SIVATHANU PILLAI: May I know whether the resolutions of Unions are always given effect to only after the sanction of Government?

RAJYASEVAPRAVINA G. PARAMESWARAN PILLAI: Certainly, Sir.

MR. M. SIVATHANU PILLAI: In considering whether sanction should be accorded or not will the Government be pleased to enquire whether the results would injuriously affect the people?

RAJYASEVAPRAVINA G. PARAMESWARAN PILLAI: All the aspects will be considered. As a matter of fact I may inform honourable members that it is not the policy of Government to interfere with the discretion exercised by these local self-governing institutions.

MR. KOTTALIL P. ABRAHAM: May I know whether a resolution applying for sanction from Government for the improvement of a road at Kothamangalam has been received?

RAJYASEVAPRAVINA G. PARAMESWARAN PILLAI: It will be noted, Sir.

MR. N. NARAYANA KURUP: ഇതിൽനിന്നും മനസ്സിലാക്കേണ്ടതു് പുതുതായി വേറെ വില്ലേജ്‌യൂണിയൻസ് സ്ഥാപിക്കുന്നതിനു അനുവദിക്കുകയില്ലെന്നാണോ?

RAJYASEVAPRAVINA G. PARAMESWARAN PILLAI: For the time being, the attempt is to consolidate those Unions which have already been established.

MR. VARKALA K. MADHAVAN: In view of the explanation given by the Leader of the House I withdraw the motion.

The motion, was by leave, withdrawn.

Motions 186 and 187.

The following motions were not moved :—

MR. VARKALA K. MADHAVAN :

186. To reduce the allotment of Rs. 15,200 for travelling allowance by Rs. 10.

MR. PULIYOOR T. P. VELAYUDHAN PILLAI :

187. To reduce the allotment of Rs. 2,69,219 for General and Revenue Secretariat by Re. 1.

Motion 188.

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, I beg to move

188. To reduce the allotment of Rs. 2,69,219 for General and Revenue Secretariat by Re. 1.

The object of this motion is to discuss about the desirability of making provision for giving dearness allowance to all Government servants drawing a monthly salary of up to Rs. 25. Sir, it is a matter

[Mr. Puliyoor T. P. Velayudhan Pillai.]

for sincere gratification to find that in view of the general increase in the price of commodities including even the bearest necessities of life, a special provision of Rs. 2 lakhs has been made in the next year's budget under Miscellaneous Expenditure for the grant of dearness allowance to the low-paid servants in the public service of the State drawing a pay less than Rs. 15. According to me this is not at all an adequate provision for this indispensable and very urgent matter. This Re. 1 is not sufficient even to purchase four edangalies of rice in these days. It will be admitted by all that the adverse effects of the last war were not so directly and acutely experienced by the Travancoreans as we experience just at present, in spite of the honest attempt of the Government made in that direction.

PRESIDENT : I have heard many stories about it.

MR. PULIYOOR T. P. VELAYUDHAN PILLAI : Many stories were heard certain people becoming very rich and all that. We had enough of it then.

My submission is that a generous relief has to be given to low-paid public servants in the State drawing a salary of up to Rs. 25. This is all what I have to state. I do not propose to make a lengthy speech on the matter as it is so very clear. With these words I commend the motion for the acceptance of the House.

MR. KAINIKKARA M. PADMANABHA PILLAI : May I know the extent of the dearness allowance that the honourable member would suggest?

MR. PULIYOOR T. P. VELAYUDHAN PILLAI : I do not wish to give a definite opinion about this matter as I am not aware of its financial implications.

PRESIDENT : What would be the result, Mr. Financial Secretary ?

MR. A. LEKSHMINARAYANA AYYAR : If it is one rupee, the extra cost will be Rs. 3·5 lakhs.

MR. PULIYOOR T. P. VELAYUDHAN PILLAI : I do not think it is a very large sum so far as the Travancore Government is concerned. My request is that the monthly grant should not be less than Rs. 2 per mensem.

PRESIDENT : Then what would be the effect ?

MR. A. LEKSHMINARAYANA AYYAR : Rs. 7 lakhs.

MR. PULIYOOR T. P. VELAYUDHAN PILLAI : I would suggest that a dearness allowance of Rs. 2 may be sanctioned to those who are drawing a monthly salary of up to Rs. 25 at grant.

MR. A. LEKSHMINARAYANA AYYAR : In that case it would come to Rs. 5 lakhs.

RAJYASEVAPRAVINA G. PARAMESWARAN PILLAI : Sir, the dearness allowance which has been sanctioned marks the first step in this direction. As a matter of fact, if the financial position improves and if it is found that the distress has to be relieved by any reasonable increase being granted, the matter will receive the serious consideration of Government.

MR. VARKALA K. MADHAVAN: May I know whether this dearness allowance will be extended to the grant-in-aid school teachers also?

RAJYASEVAPRAVINA G. PARAMESWARAN PILLAI: They are not public servants under Government.

MR. PULIYOOR T. P. VELAYUDHAN PILLAI: In the light of the assurance given by the honourable Chief Secretary, I do not propose to press the motion.

The motion was, by leave, withdrawn.

Motion 189.

The following motion was not moved:—

MR. PULIYOOR T. P. VELAYUDHAN PILLAI:

To reduce the allotment of Rs. 2,69,219 for General and Revenue Secretariat by Re. 1.

Motion 190.

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, I beg to move to reduce the allotment of Rs. 2,69,219 for General and Revenue Secretariat by Re. 1. The object of my motion is to discuss about the defects in giving extension of service to Government servants who have completed 55th year of age. In these days we are confronted with the serious problem of unemployment and especially unemployment of the educated youths. I do not see any justification for the extension of service to a certain class of public servants alone.

And this is according to me wanting in both principle and equity. It is, in the first place, proposed to be given only to certain classes of officers drawing a maximum salary of Rs. 100. In the second place even among those officers some difference is attempted to be kept up in the matter of the nature of the appointments *i. e.* whether they belong to the executive or ministerial branch. Sir, according to me if this proposal is given effect to, I believe that it will create a certain amount of unrest and dissatisfaction in the minds of the educated unemployed youths and also in the minds of those people who are already in service and who are waiting for promotions. My submission is that the proposal is not at all satisfactory and it will not be conducive to efficient and proper administration. So I would urge upon the attention of Government the necessity to take thereby steps for the cancellation of this order and also for restoring the old order. With these observations I commend the motion for the acceptance of the House.

MR. K. P. KOCHUKORA THARAKAN: ഇങ്ങനെയുള്ള ഒരു ഉപക്ഷേപം വരുമ്പോൾ ഇതിൽ ഉൾക്കൊള്ളുന്നതായ മററു വിഷയങ്ങളെ സംബന്ധിച്ചും സംസാരിക്കുവാൻ അവകാശം ഉണ്ടോ എന്നുള്ളതിനെപ്പററി പ്രസിഡൻറു അവർകൾ ഒരു റൂളിംഗ് നൽകണമെന്നു ഞാൻ അപേക്ഷിക്കുന്നു.

PRESIDENT: Order, order. I may say that the idea of Government was merely to elicit opinion on the matter. There are many difficulties regarding our mounting pension charges and many solutions were suggested. It is not that the Government were not aware that there may be certain objections raised to the extension of service of officers even after they have attained the age of 55. Whatever it may be, whether it will be advantageous to certain communities who are over-represented in service or whether it might be viewed as a kind of reactionary proposal designed or calculated to retard the advancement of those communities Inadequately represented in Government service, giving extensions definitely means that the pension charges will be less. At the time when this order was passed the budget estimates were not known. We were not sure that we were going to have a budget on the right side. So it was necessary to explore all methods for minimising the expenditure and increasing the revenue. This was a method which was devised to meet the purpose. I am glad that the matter has come up before the House for discussion so that Government may be guided by the sense of the House.

MR. K. P. KOCHUKORA THARAKAN: സമുദായപ്രാതിനിധ്യം ആകട്ടെ, അല്ലെങ്കിൽ, അതുപോലുള്ള മറെറന്തെങ്കിലും വിഷയമാകട്ടെ... ...

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, on a point of order. How can regional representation come within the purview of this motion?

PRESIDENT: The honourable member's case is that those who have already got into service come from certain localities.

MR. K. P. KOCHUKORA THARAKAN: സർ, പബ്ലിക്ക് സർവീസിൽ കയറുന്നതിനുള്ള പ്രയാസങ്ങൾപോലെ തന്നെ സർവീസിൽനിന്നും ഇറങ്ങിപ്പോകാനും വളരെ പ്രയാസമായിട്ടാണ് കാണുന്നത്. അതുകൊണ്ടു...... ...

PRESIDENT: I am perfectly willing to give a certain amount of latitude for discussion because as I have already stated, Government are anxious to get the assistance of this Honourable House to form their own conclusions in regard to the principles involved in retirement of Government officials. I am afraid that the discussion is travelling beyond its legitimate limits.

MR. K. P. KOCHUKORA THARAKAN: സർ, ഇപ്പോൾ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ഇപ്പോൾ സർവീസിലിരിക്കുന്ന ൫൫ വയസ്സു പ്രായമായവർക്ക് പെൻഷൻ കൊടുക്കാതെ സർവീസ് ൫ കൊല്ലംകൂടി നീട്ടിക്കൊടുക്കുന്നപക്ഷം പബ്ളിക്ക് സർവീസിൽ പ്രാതിനിധ്യക്കുറവുള്ള സമുദായക്കാർക്ക് പബ്ളിക്ക് സർവീസിൽ ക

യരുന്നതിനു അത്രക്കും താമസവും വിഷമവും നേരിടും എന്നുള്ള വിവരം കൂടി ഗവമ്മെൻറു ധരിക്കേണ്ടതാണു. അതുകൊണ്ടു എല്ലാ സമുദായക്കാക്കും പബ്ളിക്ക് സർവീസിൽ ഒരേ രീതിയിൽ പ്രാതിനിധ്യം ലഭിക്കുന്നതുവരെ ഗവമ്മെൻറു ഇതേവരെ അനുവർത്തിച്ചുവന്ന നയംതന്നെ തുടന്നാൽ കൊള്ളാമെന്നാണ് എനിക്കു പറയാനുള്ളതു. ഇനിയും സർവീസിൽ ഇരിക്കുന്നവരുടെ സർവ്വീസ് നീട്ടിക്കൊണ്ടുപോകുന്നപക്ഷം ഇതേവരെ പ്രവേശനം ഇല്ലാത്ത ചില സമുദായങ്ങളിൽപ്പെട്ട ആളുകൾക്ക് ഇനിയും കുറേനാൾകൂടി പബ്ളിക്ക് സവീസിൽ പ്രവേശനം ഇല്ലാതെ വിഷമിക്കേണ്ടിവരും. അതുകൊണ്ട് പ്രാതിനിധ്യം ഏറെക്കുറെ ശരിപ്പെടുത്തുന്നതുവരെ എങ്കിലും, പെൻഷൻതുക അല്പംകൂടിയാലും തരക്കേടില്ല, ൫൫ വയസ്സു തികഞ്ഞവരെ പിരിച്ചയക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. പ്രാതിനിധ്യക്കുറവ് ശരിപ്പെടുത്തുവാൻവേണ്ടി ഇന്നു നിർണ്ണയിച്ചിരിക്കുന്ന വയസ്സിൽനിന്ന് ൨ വയസ്സു കുറക്കണമെന്ന് ഞാൻ പറയുന്നില്ല. ഇതുവരെ നടന്നുവന്ന രീതിയെങ്കിലും തുടൎന്നുകൊണ്ടുപോകേണ്ടതാണ്.

MR. P. S. MUHAMED: സമുദായപ്രാതിനിധ്യത്തെ സംബന്ധിച്ച് വിഷമമൊന്നും ഇല്ലെങ്കിൽ വയസ്സിന്റെ നിർണ്ണയം ൬൦-ൽ കൂട്ടുന്നതിനു വിഷമം വല്ലതും ഉണ്ടോ?

MR. K. P. KOCHUKORA THARAKAN: അതിലും ചില വ്യത്യസ്ഥതകളെല്ലാം ഉണ്ട്. കാര്യക്ഷമത, അരോഗദൃഢഗാത്രത, മുതലായവ ഉള്ള ചില ഉദ്യോഗസ്ഥന്മാരെ പത്തറുപതു വയസ്സുവരെ സർവീസിൽ വച്ചുകൊണ്ടിരിക്കുന്നതിൽ വിരോധം ഒന്നുമില്ല. നമ്മുടെ ദിവാൻജിയെപ്പോലുള്ള ആളുകളെ സർവീസിൽ വച്ചുകൊണ്ടിരിക്കുന്നതിൽ എന്തു വിഷമമാണുള്ളതു്?

സർ, പബ്ളിക്ക് സവീസിനെ സംബന്ധിച്ച് ഞങ്ങൾക്ക് വേറൊരു വിഷമംകൂടി നേരിട്ടിട്ടുണ്ട്. വർഗ്ഗീയ പ്രാതിനിധ്യത്തെ സംബന്ധിച്ച വലിയ ഒച്ചപ്പാടുകൾ ഉണ്ടാകുകയും ഈ അസംബ്ളിയിൽത്തന്നെ അതിനെപ്പററി ചില വാദപ്രതിവാദങ്ങൾ നടത്തുകയും എല്ലാവരും കൂടിച്ചേൎന്ന ഒരു വ്യവസ്ഥ വരുത്തുകയും ചെയ്തു. അതിൽ ചിലതു അതുപോലെ അംഗീകരിക്കുകയും മററു ചിലവയെ അംഗീകരിക്കാതെ പഴയപടിയുള്ള വ്യവസ്ഥതന്നെ തുടരുകയുംചെയ്തു. പുതിയ വ്യവസ്ഥയിലെ നിയമനങ്ങൾക്ക് അതിൽ മററു പല സമുദായങ്ങൾ

[Mr. K. P. Kochukora Tharakan.]

ക്കം പററിയതുപോലെ യാക്കോബായ സമുദായത്തിന് ഒരു തരക്കേടുപററിയിട്ടുണ്ട്. ഇൻറർമീഡിയേററ് എന്നുള്ള ഒരു ഡിവിഷൻ നിറുത്തി, ൫൦ രൂപ വരെയുള്ള ഉദ്യോഗങ്ങൾ കൂടി ലോവർ ഡിവിഷനിൽ ഉൾപ്പെടുത്തിയാണ് അന്ന് വ്യവസ്ഥ ചെയ്തത്. അതിനുമുമ്പ് ലോവർ ഡിവിഷനിലെ റൊട്ടേഷൻ അനുസരിച്ച് യാക്കോബായക്കാർക്ക് നാല് നിയമനമാണ് കോട്ട നിശ്ചയിച്ചിരുന്നത്. എന്നാൽ ഇൻറർമീഡിയേററ് എടുത്തുകളഞ്ഞിട്ടുള്ള പുതിയ വ്യവസ്ഥയിലെ നിയമനങ്ങൾക്ക് തെങ്ങൾകൂടി സമ്മതിച്ചതനുസരിച്ച് യാക്കോബായക്കാരുടെ നിയമനത്തിനുള്ള കോട്ടാ എണ്ണം മൂന്നാക്കി കുറച്ചു. എന്നാൽ പുതിയ വ്യവസ്ഥയനുസരിച്ചു ഇല്ലാതാക്കിയിട്ടുള്ള ഇൻറർമീഡിയേററ് ഡിവിഷൻ ഇപ്പോഴും ഗവണ്മെൻറു കളഞ്ഞിട്ടില്ല. അതിനാൽ ലോവർ ഡിവിഷനിൽ മുമ്പ് നാലുണ്ടായിരുന്ന കോട്ട ഇപ്പോൾ മൂന്നായിക്കുറയുകയും ഇൻറർമീഡിയററ് ഡിവിഷനിലെ നിയമനങ്ങളിൽ ൩൦% എഫിഷ്യൻസിപ്രകാരവും ൪൦% റൊട്ടേഷ്യൻ അനുസരിച്ചും നടന്നുവരികയും ചെയ്യുന്നു. ഈ കാര്യത്തിനും വേണ്ടവിധത്തിൽ ഒരു പരിഹാരം ഗവണ്മെൻറു ഉണ്ടാക്കേണ്ടതാണ്. മറെറാന്നു ഇപ്പോൾ ടെമ്പൊററി സർവീസിൽ പ്രവേശിച്ചിരിക്കുന്നവരെ പിന്നയും സർവ്വീസിൽ വച്ചുകൊണ്ടിരിക്കുന്ന ഒരു നയം ഗവണ്മെൻറു അംഗീകരിച്ചിട്ടുള്ളതായി തോന്നുന്നു. ഇവരുടെ ടെമ്പൊററി പീരിയേഡ് തീരുമ്പോൾ പബ്ളിക്ക് സർവ്വീസിൽ ഇവർക്കു പ്രിഫറൻസ് കൊടുത്തു നിയമിയ്ക്കുന്നതിനും മുൻഗണന കൊടുക്കുന്നതിനും ഗവണ്മെൻറ് പബ്ളിക് സർവീസ് കമ്മീഷണർക്ക് ഓർഡർകൊടുത്തു നിയമനം നടത്തിവരുന്നു. യാതൊരു സമുദായപ്രാതിനിധ്യതത്വത്തിന്മേലും അല്ല ഈ ടെമ്പൊററിക്കാരെ നിയമനാധികാരികൾ ആദ്യം നിയമിച്ചിട്ടുള്ളതു. അതുകൊണ്ട് ടെമ്പൊററിക്കാലം കഴിയുമ്പോൾ അവരെ ഉടനടി പിരിച്ചുവിടേണ്ടതാണ്. അവർക്ക് മുൻഗണനകൊടുക്കാൻ പാടില്ലാ എന്നു നിർബന്ധമായി പ്രത്യേകം വ്യവസ്ഥചെയ്യേണ്ടതാണ്.

സർ, ഈ ഘട്ടത്തിൽ മററു ഒരു കാര്യത്തെക്കുറിച്ചും എനിക്കു പ്രസ്താവിക്കുവാനുണ്ട്. ചില ഡിപ്പാർട്ടുമെൻറുകാർ അവർ സ്വന്ത നിലയിൽ നടത്തുന്ന നിയമനങ്ങളും പലപ്പോഴും ആക്ഷേപാർഹങ്ങളായിട്ടുണ്ട്. ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറ് ഇതിനൊരുദാഹരണമാണ്. അവിടെ കണ്ടക്ടറന്മാരായും ക്ലാക്കന്മാരായുംമററുംനിയമിച്ചിരിക്കുന്നആളുകൾക്ക് യാതൊരു ടെക്കനിക്കൽ പരീക്ഷായോഗ്യതയും ആവശ്യമില്ല. ആ നിലക്ക് സാധാരണ സമുദായപ്രാതിനിധ്യതത്വത്തെക്കൂടി പരിഗ

ണിച്ച് നിയമനങ്ങൾ നടത്താവുന്നതാണ്. ഞാൻ ട്രാൻസ്പോർട്ട അഡ്വൈസറി ബോർഡിലെ ഒരു മെമ്പർ കൂടിയാണ്. അവിടെ എങ്ങനെ ആരെയെല്ലാം ആണ് നിയമിച്ചിരിക്കുന്നത് എന്നുള്ളത് എനിക്കറിയാം. എന്നാൽ അതിൻെറ കണക്കുകൾ ഇപ്പോൾ ഉദ്ധരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഗവൺമെൻറുതന്നെ അതിൻെറ ലിസ്റ്റ് ഒന്നു വരുത്തി പരിശോധിക്കണമെന്ന് അപേക്ഷിക്കുന്നു. പരിശോധനകൊണ്ട് അമിതപ്രാതിനിധ്യമുള്ള സമുദായങ്ങളെ എത്ര കൂട്ടതലാണ് അവിടെ നിയമിച്ചിരിക്കുന്നത് എന്നും ആ നിയമനം നടത്തിയത് അവിടത്തെ സെക്രട്ടറിയുടെയൊ അസിസ്റ്റൻറിൻെറയൊ സമുദായത്തിൽപ്പെട്ടവരെയാണെന്നും നല്ല കണ്ണാടിയിൽ കാണുന്നതുപോലെ വ്യക്തമായി തെളിഞ്ഞു കാണാൻ സാധിക്കുന്നതാണ്.

MR. K. P. ABRAHAM : അവിടെ നിയമനം നടത്തുന്നത് ആരാണ്.

MR. K. P. KOCHUKORA THARAKAN : ട്രാൻസ്പോർട്ട ഡയറക്ടർ.

അതുപോലെ പോലീസ് ഡിപ്പാർട്ടുമെൻറിൽ കാൺസ്റ്റബിൾമാരേയും മററും നിയമിക്കുന്നതു ഇൻസ്പെക്ടർ ജനറൽ ആണു. ഇൻസ്പെക്ടർ ജനറൽ ആവശ്യപ്പെടുന്ന അക്ഷരാഭ്യാസയോഗ്യതയും കായികയോഗ്യതയും എല്ലാം ഉള്ളവർ ഏതു സമുദായത്തിലും ഉണ്ട്. അങ്ങനെയുള്ളവരെ അദ്ദേഹത്തിൻെറ ഇഷ്ടംപോലെ അദ്ദേഹത്തിൻെറ സമുദായത്തിൽനിന്നോ, അല്ലെങ്കിൽ, അദ്ദേഹത്തിനു ഇഷ്ടമുള്ള സമുദായത്തിൽനിന്നോ നിയമിക്കുന്നതു് ശരിയല്ല.

മറെറാന്ന് എനിക്കു പറയുവാനുള്ളത് പ്രാദേശികപ്രാതിനിധ്യത്തെപ്പററിയാണ്.

MR. K. P. KOCHUKORATHARAKAN: : നിയമിതരാകുന്നവർ എങ്ങനെയുള്ളവർ എന്ന് പരിഗണിക്കുമ്പോൾ ഈ കാര്യംകൂടി പറയേണ്ടതായിട്ടുണ്ട്.

സർ, ഇപ്പോൾ പോലീസ് ഇൻസ്പെക്ടറന്മാരുടെ തെരഞ്ഞെടുപ്പിനുവേണ്ടി ൩൦ പേരുടെ അപേക്ഷകൾ ഇൻറർവ്യൂ കഴിഞ്ഞു അംഗീകരിച്ചിട്ടുണ്ട്. ഇതിൽ ൨൫ പേർ തിരുവനന്തപുരത്തുള്ളവരാണ്. അതുകൊണ്ട് ഏതെങ്കിലും നിയമനങ്ങൾക്കായി സെലക്ഷൻ നടത്തുമ്പോൾ തിരുവനന്തപുരത്തുള്ള ഉദ്യോഗസ്ഥന്മാരുടെ ശിപാർശകൾവഴി തിരുവനന്തപുരത്തുള്ളവർ അല്ലങ്കിൽ തിരുവനന്തപുരത്തു ഉദ്യോഗത്തിൽ ഇരിക്കുന്നവരുടെ സ്വന്തക്കാരെയും ബന്ധുക്കളെയും ദേശക്കാരെയും കൂടുതൽ

[Mr. K. P. Kochukora Tarakan.]

നിയമിക്കുക എന്ന അനുഭവമാണ് സാധാരണ കണ്ടുവരുന്നതു്. അതുകൊണ്ടു ഈ കാര്യത്തെപ്പററി എനിക്കു പറയുവാനുള്ളതു് ഇതാണ്. സമുദായപ്രാതിനിധ്യമനുസരിച്ചു യാക്കോബായ് സമുദായത്തിൽനിന്നും നിയമനം നടത്തേണ്ടിവരുന്ന സന്ദർഭങ്ങളിൽ അപേക്ഷകന്മാരുടെ സ്വദേശത്തെക്കൂടെ പരിഗണിച്ചു് പ്രാതിനിധ്യം കുറഞ്ഞ പ്രദേശത്തുള്ളവരെ തിരിഞ്ഞെടുത്തു നിയമിക്കേണ്ടതാണ്. ഉദാഹരണമായി കുന്നത്തുനാട്ടു്, പത്തനംതിട്ട, തിരുവല്ല ഈ താലൂക്കുകളിൽനിന്ന് തുല്യയോഗ്യതയുള്ളവരുടെ അപേക്ഷകൾ കിട്ടുന്നപക്ഷം പത്തനംതിട്ട താലൂക്കിൽനിന്നോ, അല്ലെങ്കിൽ, കുന്നത്തുനാട്ടു താലൂക്കിൽനിന്നോ ഉള്ള അപേക്ഷകനുവേണം പരിഗണന നൽകാൻ. അല്ലാതെ ധാരാളം ഉദ്യോഗങ്ങളുള്ള തിരുവല്ലാ താലൂക്കിൽനിന്നുമായിരിക്കരുതു്. എല്ലാ സമുദായങ്ങൾക്കും ന്യായമായ പ്രാതിനിധ്യം അനുവദിച്ചുകൊടുക്കുവാൻ തയ്യാറാകുന്നതുപോലെ എല്ലാ പ്രദേശങ്ങൾക്കും ന്യായമായ പ്രാതിനിധ്യം അനുവദിച്ചുകൊടുക്കുവാൻ ഗവമ്മെന്റു തയ്യാറാകേണ്ടതാണെന്നും സമുദായപ്രാതിനിധ്യം പോലെതന്നെ പ്രാദേശികപ്രാതിനിധ്യവും പ്രാധാന്യമർഹിക്കുന്നതാണെന്നും ഗവമ്മെന്റ് ധരിച്ചിരിക്കേണ്ടതും അതിനു ആവശ്യമായ നടപടികൾ സ്വീകരിക്കേണമെന്നും ഞാൻ ഗവമ്മെന്റിനെ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

MR. KAINIKKARA M. PADMANABHA PILLAI: Sir, I wish to bring forward a point for the Chair's consideration. Several Honourable members have given notice of motions under the same head. And they are strictly for the reduction of 1 rupee. If this motion is pressed for or carried there would be no chance for other motions to be discussed.

PRESIDENT: So long as it is open to any member to move a motion for a general cut, and so long as it is voted upon, the whole thing goes. But at the same time, if any Honourable member wishes to concentrate his attention on a particular aspect, it is better that all matters appertaining to that subject are discussed. Incidentally, the honourable member may speak of the predominence of certain communities in Government service. But all the same the Chair is anxious to elicit the opinion of the House on this motion if it is possible. So it is not possible to limit the discussion.

MR. K. P. KOCHUKORA THARAKAN: സർ, ഇതുതന്നെ ഞാൻ പറഞ്ഞതു്. കഴിഞ്ഞതിന്റെ മുമ്പിലത്തെക്കൊല്ലം ഈ സഭയിലെ ഒരു മാന്യസാമാജികനായ മി. മത്തായി ചെമ്പരത്തി ഇതുപോലെയുള്ള ഒരു ഉപക്ഷേപം ഇവിടെ അവതരിപ്പിക്കപ്പെട്ടപ്പോൾ ഏതു വിഷയത്തെപ്പററിയും പ്രസ്താവിക്കപ്പെടാവുന്നതാണെന്നു അന്നു ഒരു റൂളിംഗ് ഉണ്ടാവു

കയും ആ ഉപക്ഷേപം പാസ്സായതിനെ തുടർന്ന് മറേറ ഉപക്ഷേപങ്ങൾ അവതരിപ്പിക്കുവാൻ അനുവദിക്കാതിരിക്കുകയും ചെയ്തതുകൊണ്ടാണ്.

MR. PADIYARA JOSEPH KUNJU : സർ, ൫൫ വയസ്സു കഴിഞ്ഞ ആളുകളെ ഉദ്യോഗത്തിൽ വച്ചുകൊണ്ടിരിക്കുന്നതു് ഇപ്പോഴും അസമത്വമുള്ള സമുദായങ്ങൾക്കു വളരെ വിഷമകരമാണെന്ന് ഞാനും സമ്മതിക്കുന്നു. ഈ കാര്യത്തിൽ സാക്ഷാൽ അസമത്വം അനുഭവിക്കുന്ന സുറിയാനി കത്തോലിക്കർ, ഈഴവർ, മുസ്ലിങ്ങൾ എന്നിവരോടൊപ്പം 'ഞങ്ങളെപ്പോലെയുള്ള അസമത്വസമുദായങ്ങൾ' എന്നു കൂട്ടത്തിൽ പ്രാതിനിധ്യമുള്ള മററു ചില സമുദായംഗങ്ങൾ പറയുന്നതു വളരെ കഷ്ടമാണ്. സർ, ഞാൻ മി. കൊച്ചുകോരത്തരകനെ ഉദ്ദേശിച്ചാണ് പറയുന്നതു്. അദ്ദേഹത്തിന്റെ സമുദായത്തിന് എന്തസമത്വമാണുള്ളതെന്ന് ഞാൻ അദ്ദേഹത്തോടു ചോദിച്ചുകൊള്ളുന്നു. ഈ കാര്യത്തെപ്പററി അദ്ദേഹത്തോടു ചോദിക്കാൻ എഴുന്നേററപ്പോഴും, ഞാൻ എന്തു ചോദ്യമാണു ചോദിക്കുവാൻ പോകുന്നതെന്നുള്ളതു് അദ്ദേഹം ബുദ്ധിപൂർവ്വമായി മനസ്സിലാക്കിക്കൊണ്ടായിരിക്കാം, അതിനുത്തരം പറയുവാൻ ഉദ്യമിക്കാത്തതു്.

MR. K. P. KOCHUKORA THARAKAN : മി. ജോസഫ് കുഞ്ഞു പറഞ്ഞതു് അടിസ്ഥാനരഹിതമാണെന്ന് എനിക്കു് ഒരു സന്ദർഭം തന്നാൽ ഞാൻ പറഞ്ഞുതരാം.

MR. PADIYARA JOSEPH KUNJU : അങ്ങനെ മി. തരകനു് ഒരു സന്ദർഭം കൊടുക്കുന്നതിനെ ഞാൻ സ്വാഗതം ചെയ്യുകയാണു ചെയ്യുന്നതു്. ഞാൻ പറഞ്ഞതാണു ശരിയെന്നുള്ളതു് തെളിവു സഹിതം ബോദ്ധ്യപ്പെടുവാനുള്ള സന്ദർഭം അദ്ദേഹത്തിനു അപ്പോൾ ലഭിക്കുന്നതാണ്.

MR. K. P. KOCHUKORA THARAKAN : അങ്ങേക്കു് അനുവദിച്ചു കൊടുത്ത ലാററിററ്യൂഡ് എനിക്കും അനുവദിച്ചു തരണമെന്നു ഞാൻ അപേക്ഷിക്കുന്നു.

MR. PADIYARA JOSEPH KUNJU : മി. തരകൻ, 'തിരുവനന്തപുരത്തുകാരായ' ൧൨ പേരെ പോലീസ് ഇൻസ്പെക്ടർ ഉദ്യോഗത്തിനുള്ള അപേക്ഷകന്മാരിൽനിന്നും തിരഞ്ഞെടുത്തിട്ടുണ്ടെന്ന് പ്രസ്താവിച്ചു. ഇതു കേട്ടാൽ ഗവൺമെൻറിന് തിരുവനന്തപുരത്തുകാരോടു് എന്തോ പ്രത്യേകമായ ഒരു പ്രണയമുണ്ടെന്നു തോന്നിപ്പോകും. അന്യദിക്കുകാരായ ആളു

[M. Padiyara Joseph Kunju.]

കുറെ ഉദ്യോഗം അന്വേഷിച്ചു് തിരുവനന്തപുരത്തുവന്നു താമസിക്കുന്നു ണ്ടാവും. അവർ അവരുടെ തിരുവനന്തപുരത്തെ മേൽവിലാസം കൊടു ത്തിരിക്കും. ഇതിൽകവിഞ്ഞൊന്നും ഇവിടെ ഉണ്ടായിട്ടില്ല.

സർ, വർഗ്ഗീയപ്രാതിനിധ്യം മാത്രം പോരാ, പ്രാദേശികപ്രാതിനി ധ്യംകൂടി വേണമെന്നാണു മി. തരകൻ പറയുന്നതു്. ഞാൻ അതിനെ പ്രബലമായി പ്രതിഷേധിക്കുന്നു.

മി. തരകന്റെ അഭിപ്രായത്തെ ആദരിച്ചു് പ്രാദേശികപ്രാതിനി ധ്യവും സമ്മതിക്കുന്നതായാൽ ഇനി തറവാട്ടു പ്രാതിനിധ്യംകൂടി വേണ മെന്നാകും. ഇങ്ങനെ തുടങ്ങിയാൽ ഇതെവിടെച്ചെന്നാണു് അവ സാനിക്കുക. ഒന്നാമതു വർഗ്ഗീയപ്രാതിനിധ്യം വേണമെന്നു പറഞ്ഞതു് ഒരു വലിയ ഒച്ചപ്പാടുണ്ടാക്കി. ഒടുവിൽ ഗവന്മെന്റു് അതു് അംഗീ കരിച്ചു. എതിരാളികൾപോലും അതു് സമ്മതിക്കുകയുണ്ടായി. അപ്പോൾ പ്രാദേശികപ്രാതിനിധ്യംവേണമെന്നു മറെറാരുവാദം തുടങ്ങിയിരിക്കുന്നു. സർ, ഞാൻ പറയുന്നതു് ഗവന്മെന്റു് ഉടനെ ഒരു ത്രാസുവാങ്ങി വയ്ക്കണം എന്നാണു്. എല്ലാവരേയും തൂക്കണം. എന്തെന്നാൽ തൂക്ക ത്തിനു പ്രാതിനിധ്യം വേണമെന്നു് പറഞ്ഞുകൊണ്ടു് മറെറാരു വാദം കൊണ്ടുവരാനും ഇടയുണ്ടു്. ഏതായാലും പ്രാദേശികപ്രാതിനിധ്യ ത്തെ ഞാൻ പ്രതിഷേധിക്കുന്നു.

സർ, ഈ കാര്യങ്ങളെല്ലാം ഈ ഉപക്ഷേപത്തിൽ പറയുന്നതു് അസംഗതമാണെന്നു എനിക്കു അറിയാം. എന്നാൽ മി. തരകൻ പ്രസ്താവിച്ച ചില കാര്യങ്ങളെ എനിക്കു് എതിർക്കാതിരിക്കുവാൻ തരമില്ല. അതുകൊണ്ടു് ഇത്രയും പറഞ്ഞതാണു്. ഒരു വയസ്സു കഴിഞ്ഞ ആളു കളെ പിന്നെയും ഉദ്യോഗത്തിൽ വച്ചുകൊണ്ടിരിക്കുന്ന നയത്തോടു വാസ്തവത്തിൽ എനിക്കു യാതൊരാനുകൂല്യവും ഇല്ല. എന്നാൽ മി. കെ. പി. കൊച്ചുകോരതരകൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചതു കൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

MR. P. C. ADICHAN : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലി ച്ചുകൊണ്ടു് ഒരു സംഗതി ഗവന്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണ മെന്നു ആഗ്രഹിക്കുന്നു. ഉദ്യോഗസംബന്ധമായ കാര്യങ്ങളിൽ അവശസ മുദായക്കാരുടെ കാര്യത്തിൽ ബഹുമാനപ്പെട്ട ഗവന്മെന്റു പലതും ചെയ്യുന്നുണ്ടെന്നുള്ളതു് ഏററവും അവിസ്മരണീയമായ ഒരു സംഗതി യാണു്. ഉദ്യോഗവിതരണത്തിൽ മററു ഹിന്ദുക്കളുടെ കൂട്ടത്തിൽ കുറവ സമുദായത്തേയും പരിഗണിച്ചിട്ടുണ്ടെന്നും ആ സമുദായത്തിനും ഉദ്യോഗ

ങ്ങൾ തിരിച്ചുവച്ചിട്ടുണ്ടെന്നും ഞങ്ങൾക്കൊണ്ടും ബോദ്ധ്യപ്പെട്ടുവരാറാം കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് കുറവർക്കായി നീക്കിവച്ചിരിക്കുന്ന ഉദ്യോഗങ്ങൾ വാസ്തവത്തിൽ കുറവർ സമുദായത്തിനു ലഭിക്കുന്നില്ലെന്നുള്ള പരമാർത്ഥം ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. കുറവരിൽ ബി. ഏ. ജയിച്ചവർ ഒരൊററ ആൾപോലും ഇല്ല. എന്നിരുന്നിട്ടും ഇപ്പോഴത്തെ പോലീസ് ഇൻസ്പെക്ടർ ഉദ്യോഗത്തിനുള്ള അപേക്ഷകന്മാരിൽ ബി. ഏ. ജയിച്ച ഒരു കുറവൻ ഉണ്ടെന്നും അറിയുന്നു. ഈ ആൾ വാസ്തവത്തിൽ കുറവനല്ല. ഇതു അപേക്ഷകനെ എനിക്കു നേരിട്ടറിയാം. ഇദ്ദേഹം കൊല്ലത്തു പട്ടണത്തുള്ള ഒരാളാണ്. കുറവസമുദായത്തിനുള്ള ഉദ്യോഗം ആ സമുദായത്തിന്റെ പേരിൽ കൊടുക്കുന്നു എങ്കിൽ അതു് വളരെ സങ്കടമാണ്.

MR. A. K. KUMARAN VAIDYAN : അദ്ദേഹം ഏതു കുറവസമുദായത്തിൽപ്പെട്ട ഒരു കുറവനാണെന്നു മെമ്പർക്കു അറിയാമോ?

MR. P. C. ADICHAN : അദ്ദേഹം കണക്കസമുദായത്തിൽപ്പെട്ടയാളാണ്. കൊല്ലംതാലൂക്കിൽതന്നെ ആകെ ഒൻപതിനായിരത്തിൽ പരം കുറവരുണ്ട്. ഇദ്ദേഹത്തിന്റെ അയൽവാസികളായിട്ടുള്ള കുറവർപോലും അറിയാതെ ഇദ്ദേഹം ഒളിച്ചുതാമസിക്കയല്ലല്ലോ. ഈ ആൾ ആ സമുദായത്തിൽപ്പെട്ടവനാണെന്നു ഞാൻ അറിഞ്ഞിട്ടില്ല.

PRESIDENT : Is it the Honourable Members case that no proper kurava has got an appointment?

MR. P. C. ADICHAN : സർ, ഒരു പതിനായിരം കുറവർ നിവസിക്കുന്ന കൊല്ലം താലൂക്കിലെ കുറവർ ഒരാൾക്കുപോലും അല്ലെങ്കിലും ഒരാൾ പോലും, ബി. ഏ. ജയിച്ചിരിക്കുന്ന ഈ ആളിനെ, ഇദ്ദേഹം വാസ്തവത്തിൽ ഒരു കുറവനാണെങ്കിൽ അറിയാതിരിക്കുമോ? ഇദ്ദേഹം ഏതു സമുദായത്തിൽപ്പെട്ടവനാണ് എന്നു എനിക്കറിവാൻ പാടില്ല. സദാശിവൻപിള്ള എന്നാണ് അദ്ദേഹത്തിന്റെ പേർ. ഒരിക്കൽ ഹോസ്ററൽ വാർഡൻ ഇദ്ദേഹത്തിന്റെ പേർ ചോദിച്ചപ്പോൾ തന്റെ പേർ ഈ അവസരത്തിൽ ശിവൻപിള്ളയെന്നു വിളിച്ചുവെന്നും പള്ളിക്കൂടത്തിൽ ചേർന്നപ്പോൾ സദാശിവൻപിള്ളയെന്നു മാററിയിട്ടുള്ളതായി പറയുന്നു. സർ, അങ്ങിനെയാണു ഇദ്ദേഹത്തിനു പിള്ളസ്ഥാനം കിട്ടിയതെങ്കിൽ അദ്ദേഹത്തിന്റെ അച്ഛനു് പിള്ളസ്ഥാനം എങ്ങിനെ കിട്ടി. അദ്ദേഹത്തിന്റെ അച്ഛന്റെ പേർ മാധവൻപിള്ള എന്നാണ്. ഈ പേർ എങ്ങനെ വന്നു? ഏതായാലും ഈ കാര്യത്തെപ്പററി ഗവൺമെന്റ് അന്വേഷണം നടത്തേണ്ടതാണ്.

[Mr. P. C. Adichan.]

അതുപോലെ, ഒരു മി. ഗോപാലൻ, ഒരു മി. ചാമു, ഒരു മി. നാരായണൻ ഇങ്ങനെ മൂന്നു പേർ ഇപ്പോൾ കുറവർ സമുദായത്തിന്റെ പേരും പറഞ്ഞു് ഡയറക്ടരാഫീസിലും, സെക്രട്ടറിയേററിലും, സെൻസസ് കമ്മീഷണരാഫീസിലും ജോലി വാങ്ങിച്ചു.

MR. KAVIYOOR K. K. KOCHUKUNJU : കാക്കാലന്മാർ അവശസമുദായത്തിൽപ്പെട്ടവരല്ലേ?

MR. P. C. ADICHAN : അതെ. എന്നാൽ മററു ഹിന്ദുക്കളുടെ കൂട്ടത്തിൽ കാക്കാല സമുദായത്തേയുംകൂടി ഉൾപ്പെടുത്തിയിട്ടുണ്ടു്. അതനുസരിച്ചു് വീതപ്രകാരമുള്ള ഉദ്യോഗം അവർക്കു് ലഭിക്കുകയും ചെയ്യും.

MR. KAVIYOOR K. K. KOCHUKUNJU : ദക്ഷിണതിരുവിതാംകൂറിൽ കാക്കാലന്മാരെ കുറവരെന്നു് വിളിക്കാറുണ്ടെന്നുള്ള വിവരം മെമ്പർക്കു് അറിയാമോ?

MR. P. C. ADICHAN : അറിയാം. പക്ഷെ അവരെ മററു ഹിന്ദുക്കളുടെ കൂട്ടത്തിൽ ആണു ചേർത്തിട്ടുള്ളതു്. [illegible]-ലെ സെൻസസിൻപ്രകാരം അവർ [illegible] പേർ ആണു്. അതേ അവസരത്തിൽ കുറവർ [illegible] പേർ ആണു്. കുറവർ സമുദായത്തിൽ ജൂനിയർ ഇന്റർമീഡിയററിലും സീനിയർ ഇന്റർമീഡിയററിലുമായി രണ്ടുപേർ മാത്രമേ തിരുവിതാംകൂറിൽ പഠിക്കുന്നുള്ളു. പരീക്ഷാവിജയികളായി ഉണ്ടെന്നു പറയുവാൻ ആകെ, ഫയർ പരീക്ഷ പാസ്സായിട്ടുള്ള നാലുപേരാണുള്ളതു്. അവർ പാസ്സായി മൂന്നും നാലും കൊല്ലങ്ങളായിട്ടും, അതേ അവർ സാക്ഷാൽ കുറവരായിട്ടും, കുറവർക്കായി പ്രത്യേകം ഉദ്യോഗം തിരിച്ചുവച്ചിട്ടും, നിശ്ചിതഫാറത്തിൽ അവർ അപേക്ഷകൾ അയച്ചിട്ടും, ഒരു ഉദ്യോഗംപോലും കൊടുക്കാതെ കുറവരല്ലാത്തവർക്കു കുറവരുടെ പേരുംപറഞ്ഞു ഉദ്യോഗം കൊടുക്കുന്നതു് വലിയ സങ്കടം തന്നെയാണു്.

MR. P. C. ADICHAN : ഇപ്പോൾ പറയത്, പരീക്ഷ പാസ്സായവർ നാലുപേരാണെന്നു ഞാൻ പറഞ്ഞു. അതുകൊണ്ടു കുറവൻ എന്ന പേരും പറഞ്ഞു ഉദ്യോഗത്തിനുവന്നാൽ ശരിയായ അന്വേഷണം നടത്തിമാത്രമേ ആർക്കായാലും ഉദ്യോഗം കൊടുക്കാവൂ.

MR. K. P. ABRAHAM : ഒരാൾ കുറവനാണോ അല്ലയോ എന്നു് പറയുന്നതിനുള്ള അധികാരകർത്തൃത്വം ആർക്കാണുള്ളതു്.

MR. P. C. ADICHAN : ഒരാൾ ഒരു സമുദായത്തിൽപ്പെട്ട ആളാണോ അല്ലയോ എന്നു നിശ്ചയിക്കേണ്ടതു് ആ സമുദായം തന്നെ

ന്നാണ്. മുമ്പൊരിക്കൽ ഇൻസ്പെക്ടർജനറൽ അവർകൾ പറഞ്ഞതു പോലെ 'ഞാൻ ബ്രാഹ്മണനാണു' എന്നു പറഞ്ഞു ആരെങ്കിലും വന്നാൽ അയാളെ ബ്രാഹ്മണനായിത്തന്നെ പരിഗണിച്ചുകൂടുമോ? എന്നുള്ള സംശയംകൊണ്ടാണു ഞാൻ ഇത്രയും പറഞ്ഞതു്.

PRESIDENT: The problem is not quite so easy. There is a fairly large number of young ladies of various cases from Malabar preceeding to Hyderabad for marriage as Brahmins. There is a regular exodus now going on. So that problem is not so easy.

MR. P. C. ADICHAN: ഇന്നലെ ഇതിനെ സംബന്ധിച്ച് ഒരു പ്രത്യേക സമുദായമായി തിരിച്ചതുകൊണ്ടാണോ ഈ അബദ്ധം ഉണ്ടായതു്' എന്നു ബഹുമാനപ്പെട്ട ഒരു മെമ്പർ എന്നോടു ചോദിച്ചു. ഏതായാലും ഇതിനെപ്പററി ഗവൺമെൻറു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കുറവരെ ഒരു പ്രത്യേക സമുദായമായി തിരിച്ചതുകൊണ്ടോ അല്ലെങ്കിൽ അവർക്കു പല ഉദ്യോഗങ്ങളും കൊടുക്കുന്നതുകൊണ്ടോ വാസ്തവത്തിൽ ഇതുവരെ യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. ഇക്കാര്യത്തെപ്പററി ഗവൺമെൻറ് വേണ്ട വിധം ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. K. R. NARAYANAN: സർ, മി. ടി. പി. വേലായുധൻപിള്ള അവതരിപ്പിച്ച ഈ ഉപക്ഷേപത്തിനോടു ഞാൻ അനുകൂലിക്കുന്നു. സമുദായപ്രാതിനിധ്യകാര്യം, അതിൻെറ മർമ്മഭാഗമായി എടുത്തു പ്രസ്താവിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. എന്തെന്നാൽ അതു എടുത്തു പറഞ്ഞാൽ മററു സമുദായങ്ങളെ എത്രത്തോളമാണു അതു സാധിക്കുന്നതു് എന്നുള്ള കാര്യം ഞാൻ പറയാതെ തന്നെ അറിയാം. തിരുവിതാംകൂർ ഗവൺമെൻറ് വളരെക്കാലമായി അംഗീകരിച്ചിരിക്കുന്ന ഒരു തത്വം, ൫൫ വയസ്സിനുശേഷം ഉദ്യോഗത്തിൽ നിന്നും പിരിച്ചുവിടുക എന്നുള്ളതാണ്. അങ്ങിനെ ചെയ്യുന്നതു്; സമുദായപ്രാതിനിധ്യത്തിനുവേണ്ടിയാണ്. അങ്ങിനെ പിരിച്ചുവിടാതെ, പിന്നേയും സർവീസുനീട്ടിക്കൊടുത്തു കൊണ്ടിരിക്കുന്ന ഒരു നയമാണ് ഇപ്പോൾ ഉള്ളതു്. എന്നാൽ ൫൫ വയസ്സു കഴിഞ്ഞാലും, ൬൦ വയസ്സു കഴിഞ്ഞാലും ൭൦ വയസ്സു കഴിഞ്ഞാലും പരിപൂർണ്ണമായ കാര്യക്ഷമതയോടുകൂടി ജോലി നിർവഹിക്കുവാൻ കഴിവുള്ള ചില വ്യത്യസ്ഥവ്യക്തികളെപ്പററിയല്ലാ ഞാൻ പരാതി പറയുന്നതു്. സാമാന്യമായി പറയുകയാണെങ്കിൽ ഇൻഡ്യയിലുള്ള മിക്കവാറും ജനങ്ങൾ ൪൫ വയസ്സുകഴിയുമ്പോൾ ഷഷ്ടിപൂർത്തിയാകുന്നവരാണ്. അങ്ങിനെയുള്ള കാലാവസ്ഥയിൽ,—

PRESIDENT: Will not the honourable member admit that things have improved in this respect recently.

MR. K. R. NARAYANAN : തീർച്ചയായിട്ടും, അങ്ങിനെയുള്ള ഒരു രാജ്യത്തു് ൫൫ വയസ്സു കഴിഞ്ഞതിനുശേഷവും, പിരിച്ചുവിടാതെ ജോലി ചെയ്യാൻ അനുവദിക്കുന്നതു്, കാര്യക്ഷമതയോടു ചെയ്യുന്ന ഒരു അപരാധം മാത്രമാണു്. ൨൦-ാമത്തെ വയസ്സുമുതൽ ജോലിയിൽ പ്രവേശിച്ചു്, ൫൫ വയസ്സുവരെ, രാപകൽ ഒന്നുപോലെ ജോലി ചെയ്തു്, ഒടുവിൽ അവർ വിശ്രമം അനുഭവിക്കേണ്ടതിനുപകരം, പിന്നേയും അവരെ പിടിച്ചു കസേരയിൽ ഇരുത്തുകയാണു് ചെയ്യുന്നതു്. അങ്ങിനെ ചെയ്യുന്നതു അവരുടെ കാര്യക്ഷമതയ്ക്കു തന്നെ ഹാനികരമാണു്. അവരുടെ ആരോഗ്യവും അതിനു അനുവദിക്കയില്ല. ഞാൻ ഈ പറയുന്നതു് എത്രത്തോളം പരമാർത്ഥമാണെന്നു് അവർ, അവരുടെ അന്തരാത്മാവിനോടു ചോദിച്ചാൽ, അതു വളരെ ശരിയാണെന്നുള്ള ഉത്തരമായിരിക്കും കിട്ടുന്നതു്. ഹിന്ദുക്കളുടെ ഭാഷയിൽ പറയുകയാണെങ്കിൽ, ൫൫ വയസ്സിനുശേഷം വാനപ്രസ്ഥത്തിന്റെയും സന്യാസത്തിന്റെയും കാലമാണു്. ഇവിടെ ൧൦൦ രൂപയ്ക്കു മേലുള്ള ഉദ്യോഗത്തിന്റെ നമ്പർ എടുത്താൽ എഴുന്നൂറോളം വരും. അതിൽ പ്രാതിനിധ്യം കുറഞ്ഞ സമുദായക്കാരുടെ നമ്പർ വളരെ വിരളമാണു്. അവരുടെ മുകളിൽ ആളുകൾ കേറിക്കേറി ഒടുവിൽ ഇവർ പ്രമോഷൻ കിട്ടാതെ വളരെ അടിയിൽ കിടന്നുപോകുന്നു. സർ, പ്രാതിനിധ്യത്തോടും, സമുദായപ്രണയികളായ സാധാരണ ജനങ്ങളോടും ചെയ്യാൻ കഴിയുന്ന ഒരു അപരാധം കൂടിയാണു് ഈ സർവീസു നീട്ടിക്കൊടുക്കുന്ന സമ്പ്രദായം. അതിന്റെ ആവശ്യകത പരിപൂർണ്ണമായ രീതിയിലും, പരിപൂർണ്ണമായ ഗൗരവത്തോടുകൂടിയും എനിക്കു മനസ്സിലാക്കാൻ കഴിവുണ്ടു്. പെൻഷൻ എന്നു പറയുന്നതു്, നമ്മുടെ ഭണ്ഡാരത്തെ വിഴുങ്ങുവാൻ വരുന്ന ഒരു ദുർഭൂതമാണു്. അതിനെ പരിഹരിക്കാൻ ഇപ്രകാരം ഒരു നയം കൈക്കൊള്ളുന്നതു് ശരിയാണോ എന്നു ഞാൻ സംശയിക്കുന്നു. രണ്ടു അബദ്ധം ചേർന്നാൽ ഒരു സുബദ്ധമാകയില്ല. ഈ അവസരത്തിൽ രണ്ടു തെറ്റുചെയ്തു ഒരു സുബദ്ധമുണ്ടാകുവാൻ ശ്രമിക്കുന്നതു് ഒരിക്കലും നീതീകരിക്കാൻ സാധിക്കയില്ല. സർ, കാര്യക്ഷമതയുടെ പേരിൽ, സമുദായസ്നേഹികളുടെ പേരിൽ, സമുദായത്തിന്റെ പേരിൽ, മാന്യസുഹൃത്തുക്കളായ ഉദ്യോഗസ്ഥന്മാരുടെ വിശ്രമത്തിന്റെ പേരിൽ, എന്റെ മാന്യസ്നേഹിതൻ മി. വേലായുധൻപിള്ള അവതരിപ്പിച്ച ഈ ഉപക്ഷേപത്തെ ഞാൻ ശക്തിയായി പിന്താങ്ങുന്നു.

SADASYATILAKA T. K. VELU PILLAI : Sir, I was with half a mind to oppose this motion, but for two reasons which have been pressed on

the attention of this House I am convinced that I should lend my support to the motion. It has been stated on the floor of this House that if the service of officers is extended beyond their 55th year, there is the imminent danger of individuals belonging to backward communities who have been given a fair treatment recently by the Government of His Highness the Maharaja forfeiting their service which they have secured after very protracted efforts. Sir, that reason sounds very convincing on the ground that we cannot afford to take away with one hand that was given with the other hand. The other reason which strikes me is that when there are people young men and women qualified and who are competent to fit themselves in work, and who are unemployed with no hope of getting into the service of Government, with despair written on their faces and unable to make out an honest living-that spectable also convinces us that as far as possible at the 55th year of age, officers should be retired on pension. There was one difficulty which I was feeling if as a matter of fact Government has ordered their extension of service for two years,—I do not how far I am in order to canvass that question. If that order could be changed I should be very glad and I want that rule to be applied in the case of officers who have been granted extensions beyond the month of Makaram 1118. If this order can be changed in the interests of the name of the backward community who has acquired some rights in the history of this country, then it is a great blessing. Extension of service beyond the 55th year should not be allowed.

RAJYASEVAPRAVINA G. PARAMESWARAN PILLAI: May I just point out that there is no such order, extending the period of extension to two years. The only point was that this is in order to elucidate information of this House, extension for six months till Makaram 1118 has been provisionally ordered.

SADASYATILAKA T. K. VELU PILLAI: Then I have nothing more to say on that. But I should like to make some observations on this question. Before doing so, let me express the hope that as you were pleased to observe that the Government will be glad to accept the views of this House if found to be good and that promise I am sure the Government will keep. I have absolutely no doubt on that matter. But I am saying so because on very many important questions after very sacred commitments were made by Government on matters of grave importance which affected the prestige and the dignity of the Government, this Government have been unable to do anything on those questions. Practically they have violated their promises. I am very sorry that I have to observe that during many pears in the past, those who were in charge of the administration—I do not mean the Dewans, I mean only as much as the other officers like the Chief Secretary, Secretaries to Government and so forth, were responsible for such a state of affairs. I say this with some deliberation that we, the subjects of His Highness the Maharaja are entitled to see that pledges given by Government on very sacred matters, should be kept. I mean only to refer to one thing, Sir, and I am sure there cannot be any difference of opinion. In the year 1925, on the 11th of February there was a motion before the House which was accepted by Government,

[Sadasyatilaka T. K. Velu Pillai.]

You will forgive me when I say the importance of this subject and the value of that and my observations are entitled to receive the kind consideration of this House. The motion reads thus:

> "That this Council recommends to Government that steps be taken to commemorate, the long prosperous and glorious reign of His Highness Sri Mulam Tirunal, the late lamented Maha Raja of Travancore, by a befitting memorial preferably a Chamber for the Legislative Council with a life size statue of His Highness in a conspicuous part of that Chamber."

Sir, some of us including at least one who is now in the official bench took part in the discussion of that resolution and all of us with one voice, a patriotic voice, with loyal sentiments passed that resolution unanimously. In this connection I will read one portion of the text of the proceedings. The late Rao Bahadur R. Krishna Pillai who was then the Chief Secretary to Government stated on behalf of Government as follows:

> "Sir, on behalf of Government, I have very great pleasure in associating myself with the remarks that have been made by the members ...."

In concluding he said,

> "I would therefore suggest a slight amendment to the resolution. I would word it as follows."
>
> "This Council recommends to Government that steps be taken to commemorate the long, prosperous and glorious reign of His Highness Sri Mulam Tirunal, the late lamented Maha Raja of Travancore, by a befitting memorial preferably a Chamber for the Legislative Council and a life-size statue of His Highness."

The resolution as amended was accepted by the House, the whole House standing. I tell you, Sir, as one who is very sympathetic towards Travancore, as one who has known the great and glorious work of His Highness Sri Mulam Tirunal, I put it to you, is there any justification on the part of those officers who are functioning for many years that soon after his death for not bringing this resolution before the Dewans. I am asking this because I find resolutions on sacred subjects being brushed aside allowing memory to over-grow itself. That is the point which induces me to place before the House.

I wish to say one more important point. With regard to the motion moved by Mr. T. P. Velayudhan Pillai, I wish to say that a kindred resolution to that was before the House under date 11th February 1925. It stated thus:

> "This Council recommends to Government that all foreigners in the service of the State who have completed either 25 years of service or 55 years of age be retired and that natives of the country be appointed in their places."

That resolution was more or less the same in essence. I think Sir, that as there are many people in the services who came here with prospects, to ask them to go away, will be wrong. Possibly some of them are considered to be indispensable and on that ground might be retained for some time. At the time this resolution was under discussion in the House I characterised it as follows:

> "I cannot understand the mentality with which some persons talk of justice and toleration and equality and cosmopolitanism in certain matters while taking their stand on narrowness, meanness, bigotry and vindictiveness in other matters........"

That was the kind of sentiment which escaped from me. Now. Sir, I stand corrected. Times have changed; situation has changed. Therefore, it is that the spirit of Mr. Velayudhan Pillai's resolution commends itself to me. There are certain aspects which requires examination. If it is a question of unemployment, then this raises a further question that appointments to the public services must as far as possible be confined to the born subjects of His Highness the Maharaja with exceptions. I am not saying this in any spirit of vindictiveness for my knowledge of history impels me to say that Travancore has been greatly benefitted by various persons who came from outside. It is none of their fault. They were sent for and they came. I have nothing against them. But in the present day world when the spirit is rampant, when everybody wants that public services should go to the younger people of the State, a resolution like the one under discussion is fitting and should be accepted. I know as a matter of fact that the opinion of the present Dewan is entitled to great weight and that is the reason I change my old convictions. The present Dewan said that he would see that foreigners are not imported into Travancore. That is the first speech he made on his entry into Travancore. I am supporting that position. I am only saying now that that should be adhered to. I hope that even during your temporary absence, Sir, that policy will be kept in view by your successor. This is a great step forward that will be hailed as an achievement. Sir, let me say that I am not one of those who want to oppose foreigners for no fault of theirs. After doing their hard work in this State for a period of years, they go away. All that I want to say in this connection is that this resolution may be brought into effect from the future at least. With your permission, Sir, I shall read a quotation written by an economist and a politician.

I shall read just one sentence, Sir.

> "It is a very singular Government in which every member of the administration wishes to get out of the country and consequently to have done with the government as soon as he goes and whose interest the day after he has left it and carried his own fortune with him in perfect indifference though the whole country is swallowed up by an earthquake."

I do not think that human nature is so bad Sir, that when he goes away he will not care to remember the place where he has come from. I pray Sir, that as far as possible, unless there is no man fit for a particular place here, for some technical business, appointment to the service may in accordance with the views you have expressed often, you have endorsed, you have recommended, you have upheld, be confined to sons of this country. As far as possible, do not appoint a pensioned officer. Once he is pensioned, there is no use. I do not want to mention names, because I treat this House with so much honour and treat myself with so much self-respect. Once a man is pensioned there should be no use for him to be in service, unless it is that it is impossible to get a substitute, and to get the work done by the substitute, retired officers should never be appointed. Also do not appoint a foreigner unless a native with ability to do the work equally efficiently is not vevilable.

MR. A. K. KUMARANVAIDYAN: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഇന്നത്തെ അവശസമുദായങ്ങളുടെ അതായതു് ഞാനുൾപ്പെട്ട ഈഴവസമുദായത്തിന്റെ നിലയെപ്പറ്റി ആലോചിക്കുമ്പോൾ ഈ രണ്ടു കൊല്ലം കൂടി ഉദ്യോഗകാലാവധി നീട്ടിക്കൊടുത്തതു് അവർക്കൊരു വലിയ തടസ്സമായിത്തീർന്നിട്ടുണ്ടെന്നാണു എനിക്കു പറയാനുള്ളതു്. എന്റെ സമുദായത്തിൽപ്പെട്ട ചുരുക്കം ചില ആളുകൾക്കു മാത്രമേ സർക്കാർ സർവ്വീസിൽ പ്രവേശിക്കാൻ ഇടയായിട്ടുള്ളു. അവശസമുദായങ്ങൾക്കു് കൂടുതൽ കൂടുതൽ പ്രാതിനിധ്യം നൽകാൻ സന്മനസ്സു് കാണിക്കുന്ന തിരുവിതാംകൂർ ഗവൺമെന്റു് ഈ അവസരത്തിൽ ഇപ്രകാരം ഒരു നിയമം പാസാക്കിയതു് സാഹസമാണു്. ഇവിടെ ഒരു മെമ്പർ ചെയ്ത പ്രസ്താവനയെപ്പറ്റി അല്പം ചിലതു പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. ഈ അടുത്ത കാലത്തു് നടന്ന പോലീസ് ഇൻസ്പെക്ടർ സെലക്ഷനിൽ ഒരു സദാശിവൻപിള്ള എന്ന ആൾ കുറവസമുദായാംഗമാണെന്നു പറഞ്ഞു ചേർന്നിട്ടുണ്ടു്. ലാകാലേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന അവസരത്തിലും അദ്ദേഹം കുറവസമുദായത്തിൽപ്പെട്ട ആളായിട്ടാണു് വിദ്യാഭ്യാസം ചെയ്തതു്. അദ്ദേഹത്തിനെ കുറവസമുദായത്തിൽ പെടുത്തി ആണു്. എല്ലാസഹായങ്ങളും അദ്ദേഹത്തിനു ചെയ്തിട്ടുള്ളതു എന്നുകൂടി ഞാൻ അറിയുന്നു.

MR. P. C. ADICHAN: മേൽപറഞ്ഞ സദാശിവൻപിള്ളയുടെ ജാതിയെപ്പറ്റി സംശയം വന്നപ്പോൾ അയാൾ കാളേജിലെ പ്രിൻസിപ്പാളിന്റെ സർട്ടിഫിക്കററു് ഹാജരാക്കിയിട്ടുള്ളതായി അറിയാമോ?

MR. A. K. KUMARAN VAIDYAN: അറിവായിട്ടില്ല. പേരിനെ ആസ്പദമാക്കി നോക്കുകയാണെങ്കിൽ കുഞ്ഞൻപിള്ള, രാമകൃഷ്ണപിള്ള, എന്നീ പേരുകൾ ഈഴവസമുദായത്തിൽ ധാരാളമുണ്ടു്. ഈഴവസമുദായത്തിൽ തന്നെ ഈഴവൻ, തീയൻ, ഇല്ലത്തീയൻ ചാന്നാൻ എന്നിങ്ങനെ പല വിഭാഗങ്ങളുമുണ്ടു്. ഇതുമാതിരി കുറവൻ, പാണ്ടിക്കുറവൻ ഇങ്ങനെ പല വിഭാഗങ്ങളും കുറവന്മാരിലും കാണുന്നുണ്ടു്.

MR. P. C. ADICHAN: ജനസംഖ്യാനുപാതികമായി തലയെണ്ണി ഉദ്യോഗങ്ങൾ വേണമെന്നുള്ളവരല്ലേ ഇപ്രകാരം അഭിപ്രായപ്പെടുന്നതു്.

MR. A. K. KUMARAN VAIDYAN: അവശസമുദായത്തിൽപ്പെട്ട ആർക്കും ജനസംഖ്യാനുപാതികമായി ഉദ്യോഗം കിട്ടുന്നതിൽ തടസ്സം നേരിടരുതെന്നു ഉദ്ദേശിച്ചാണു് ഞാൻ ഇപ്രകാരം പറഞ്ഞതു്.

MR. P. C. ADICHAN: ബി. എ. ക്കാരനായ സദാശിവൻ ഒരു ഈഴവനാണെന്നു പറഞ്ഞാൽ ഒരീഴവനാണെന്നുള്ള നിലക്കു് മെമ്പർ ഉദ്യോഗം കൊടുക്കാൻ ആവശ്യപ്പെടുമോ?

MR. M. R. NARAYANA PILLAI: May I ask Sir, whether it is the proper occasion for ventilating personal grievances like these?

PRESIDENT: Why, this is the general discussion and these matters may probably come in. But the whole question seems to be rather getting mixed up. After all Government can only exercise a certain amount of scrutiny on these matters. If a person is giving a false discription of himself and if it is found out and it is properly brought to the notice of Government, Government will move in the matter. But the discussions on the floor of the house may be rather unfair to those other men. That there has been such deceptions is a matter of common knowledge. I know of a case in which a person described himself as a Christian on the day that he joined the Junior Intermediate Class. In addition to getting free scholarship, he was given an allowance of Rs. 25 per mensem and he remained a Christian until the day he passed his B. A, and then he became a Hindu and a Judicial Officer. I mean he has never been converted to Christianity, but he described himself as a Christian because he could get scholarship and he was a brilliant student. Afterwards, the question was sought to be taken up, but it was too late. In these matters if there is any irregularity it ought to be brought at once to the notice of Government. But to talk of it here on the floor of the House would be unfair for the person concerned. He might be able to say something for himself for aught we know.

MR. A. K. KUMARAN VAIDYAN. സർ, ഞാൻ ഇത്രയും പ്രസ്താവിച്ചതു്. അവശസമുദായങ്ങളോടുള്ള പ്രത്യേകതാൽപ്പര്യം കൊണ്ടുമാത്രമാണു്. സെക്രട്ടറിയേററിലും മററുമുള്ള ഉദ്യോഗസ്ഥന്മാർ ൫൫ വയസ്സു് കഴിഞ്ഞതിനുശേഷവും സർവ്വീസിലിരിക്കുന്നതുകൊണ്ടു് മററു ചിലർക്കു് വളരെ ക്ലേശങ്ങൾ സംഭവിക്കാറുണ്ടു്. ഗവണ്മെൻറിൻെറ ഉദ്ദേശം ഭാരമായ പെൻഷൻചെലവു കുറക്കുവാനാണു്. അങ്ങനെയാണെങ്കിൽ തന്നെയും സാമത്ഥ്യമുള്ള ആളുകളെ ഈ വ്യവസ്ഥകളിൽ നിന്നൊഴിവാക്കി ശേഷിയില്ലെന്നു കാണുന്ന ആളുകളെ ഉദ്യോഗത്തിൽനിന്നും പിരിച്ചയക്കുകയും ചെയ്യണമെന്നാണു, എൻെറ അപേക്ഷ. അനേകകാലമായി മുറവിളികൂട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നത്തിനു പരിഹാരം വന്നപ്പോഴാണു് ഈ വലിയ തടി നമ്മുടെ മുമ്പാകെ തടസ്സമായിട്ടു വന്നിരിക്കുന്നതു്. ഈ പുതിയ വ്യവസ്ഥ തുടരുകയാണെങ്കിൽ എൻെറ സമുദായത്തിലുള്ള ആളുകൾക്കു് വളരെ പ്രതിബന്ധങ്ങൾ നേരിടും. അതുകൊണ്ടു കഴിയുന്ന

[Mr. A. K. Kumarnvaidyan].

ത്തും വേഗത്തിൽ ഈ ഉത്തരവിനെ ഗവൺമെൻറ് പുനരാലോചിച്ചു വേണ്ടതു പ്രവർത്തിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. K. KUNJUPANICKER: എൻെറ ബഹുമാനപ്പെട്ട സ്നേഹിതൻ മി. ടി. പി. വേലായുധൻപിള്ള, അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു. ൫൫ വയസ്സ് തികഞ്ഞാലും പിന്നെയും രണ്ടുകൊല്ലം കൂടി കാലാവധി നീട്ടിക്കൊടുക്കുന്നതുകൊണ്ട് സമുദായപ്രാതിനിധ്യത്തിനു വല്ല ദൂഷ്യവും ഉണ്ടാകുമെന്നുള്ള വിചാരത്തോടുകൂടിയല്ല ഞാൻ ഇതിനെ അനുകൂലിക്കുന്നതു്. ൫൫ വയസ്സുവരെ സർവീസിലിരുന്നു് സാമാന്യം ഭേദമായ ശമ്പളം വാങ്ങിക്കഴിയുന്ന ആളുകൾ തൊഴിലില്ലാതെ വേണ്ട വിദ്യാഭ്യാസം സമ്പാദിച്ചു് നിൽക്കുന്ന ചെറുപ്പക്കാരും ഊർജ്ജസ്വലരുമായ ആളുകൾക്ക് ഇടംകൊടുക്കുക എന്നുള്ള നീതിയുടെ പേരിലാണ് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതു്. ൫൫ വയസ്സ് തികയുന്നവരെ പിരിച്ചുവിടാതെ ൫൭ വയസ്സുവരെ വച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് ഇതിനുമുമ്പ് പ്രാതിനിധ്യം കിട്ടാത്ത സമുദായങ്ങൾക്ക് പബ്ലിക്ക്സർവീസിൽ പ്രാതിനിധ്യം കിട്ടാൻ വിഷമമാണെന്നു ഇവിടെ ചിലർ പ്രസ്താവിക്കുകയുണ്ടായി. ആ തത്വത്തോട് എനിക്ക് അനുകൂലമായ അഭിപ്രായമില്ല. ൫൫ വയസ്സുവരെയുള്ള നിയമനകാര്യത്തിൽതന്നെ, ഉദാഹരണമായി പറയുകയാണെങ്കിൽ പോലീസ് വകുപ്പിൽ നോക്കിയാൽ ഈഴവസമുദായത്തിൽ നിന്നും ഒരു ഇൻസ്പെക്ടരെ തിരഞ്ഞെടുത്തതു് ൧൧൧൫ ലാണ്. അതിനുശേഷം ഇൻസ്പെക്ടറന്മാരെയോ പോലീസുകാരെയോ എടുക്കുന്ന വിഷയത്തിൽ ഈഴവസമുദായത്തിന് ന്യായമായ യാതൊരു പ്രാതിനിധ്യവും കിട്ടിയതായി എനിക്കറിവില്ല. പബ്ലിക്കുസർവീസ് കമ്മീഷണരുടെ നിയമനത്തിനുശേഷം ചില സൗജന്യങ്ങൾ അസമത്വമനുഭവിക്കുന്ന സമുദായങ്ങൾക്ക് ലഭ്യമായിട്ടുണ്ട്. അവശസമുദായക്കാരെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് പ്രത്യേകം ശ്രദ്ധയോടുകൂടി സഹായിക്കാത്ത പക്ഷം സാമുദായികമനോഭാവം എത്രകാലത്തോളം മുൻപോട്ടു പോകുന്നുവോ അത്രയുംകാലം ഇവർക്ക് ശരിയായ പ്രാതിനിധ്യം കിട്ടുകയില്ല; എന്നുള്ള വസ്തുത അനുഭവംകൊണ്ട് മനസ്സിലാക്കാവുന്നതാണ്. അടുത്തതായി വിദേശത്തുനിന്നും ഉദ്യോഗസ്ഥന്മാരെ വരുത്തുന്നതു് സംബന്ധിച്ചു് ഒരഭിപ്രായംകൂടി പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. അവശസ

മുദായത്തിൽപ്പെട്ട ആളുകൾക്ക് ഈ നാട്ടിൽ വിദേശത്തുനിന്നും സമർത്ഥന്മാരായ ദിവാൻജിമാർ വന്നിട്ടുള്ളത് ഒരു ഭാഗ്യവും അനുഗ്രഹവുമായിട്ടാണ് തീർന്നിട്ടുള്ളത്.

SADASYATILAKA T. K. VELOO PILLAI: I mean to make a personal explanation. I never said anything against the Chief Minister, or the Dewan of the State.

MR. K. KUNJU PANCIKER: വിദേശങ്ങളിൽനിന്നും സമർത്ഥന്മാരായ, വിശാലവീക്ഷണമുള്ള മന്ത്രിമാർ വന്നതിന്റെ ഫലമായിട്ടാണ് അവശസമുദായങ്ങളുടെ സങ്കടങ്ങൾ ഒന്നൊന്നായി പരിഹരിക്കപ്പെട്ടതെന്നു മഹാരാജാവ് തിരുമനസ്സിലെ ഹൃദയവിശാലതയെ സംബന്ധിച്ച് യാതൊരു കുറവും ചേർക്കാതെ എനിക്കു പറയാൻ കഴിയും. അവശസമുദായങ്ങൾക്ക് വിദ്യാഭ്യാസത്തിനുള്ള സ്വാതന്ത്ര്യംതന്നെ ദിവാൻ മി. വി. പി. മാധവറാവുവിന്റെ കാലത്താണ കിട്ടിയത്. ദിവാൻ സർ. ടി രാജഗോപാലാചാരിയുടെ കാലത്താണ് അവർക്കു പബ്ലിക്കസർവീസപ്രവേശനകാര്യത്തിൽ അല്പമെങ്കിലും സങ്കടം പരിഹരിക്കപ്പെട്ടകയുണ്ടായിട്ടുള്ളത്. പബ്ളക്ക് സർവീസിനെ സംബന്ധിച്ച് ലോവർഡിവിഷനിലും ഇൻറർമീഡിയററ് ഡിവിഷനിലും, കടലാസിലെങ്കിലും ന്യായമായ പ്രാതിനിദ്ധ്യം കിട്ടിയതു് അങ്ങയുടെ കാലത്താണെന്ന് വളരെ നന്ദിയോടുകൂടി അവശസമുദായങ്ങൾക്ക് പറയാതിരിക്കുവാനും ചിന്തിക്കാതിരിക്കുവാനും നിവൃത്തി ഇല്ല. വിശ്വവിഖ്യാതമായ ക്ഷേത്രപ്രവേശനവിളംബരംകൊണ്ട് ഹിന്ദുക്കളെ അനുഗ്രഹിച്ചതും ദീർഘദൃഷ്ടിയും രാജ്യതന്ത്രകുശലതയും ഉള്ള ഒരു വിദേശിയായ ഇന്നത്തെ ദിവാൻപ്രസിഡൻറ് ഇവിടെ ദിവാൻജിയായി വന്നതിനുശേഷമാണ്.

PRESIDENT. I hold myself to be a domicile of Travancore.

MR. K. KUNJUPANICKER. Thank you, Sir.

അങ്ങനെയുള്ള സമർത്ഥന്മാരായ ആളുകൾ, എല്ലാ ജനങ്ങളും ഒരുപോലെ പ്രശംസിക്കുന്ന മഹാന്മാർ, ഈ നാട്ടിൽ വരുന്നതിനെ കൃത്രിമമായ വേലികെട്ടി തടയുകയല്ല വേണ്ടതു് എന്നാണ് എന്റെ അഭിപ്രായം. അവരെ ഏതെങ്കിലും വിധം ആകർഷിച്ച് വരുത്തുന്നതു് നമ്മുടെ രാജ്യത്തിനു രക്ഷയാണ്. കഴിഞ്ഞ ലോകമഹായുദ്ധകാലത്തു് ഒരു ചാക്കരിക്കു ൨൫ രൂപാവരെ വിലയുണ്ടായിരുന്നു.

MR. M. R. NARAYANAN PILLAI: അന്ന് ഇവിടത്തെ ദിവാൻജി ഒരു സ്വദേശിയായിരുന്നോ?

MR. K. KUNJUPANICKER: അന്നത്തെ ദിവാൻജി മി. കൃഷ്ണൻനായരായിരുന്നു എന്നാണ് ഓർമ്മ. യുദ്ധം ആരംഭിച്ച് മൂന്നുകൊല്ലം കഴിഞ്ഞു രണ്ടത്തെ യുദ്ധത്തെക്കാറം ഭയങ്കരമായ ഒരു പരിതസ്ഥിതി നേരിട്ടിരിക്കുന്ന ഈ അവസരത്തിൽ ഒരു ചാക്ക് അരിക്ക് ൧൭ ഉറുപ്പാമാത്രമേയുള്ളു.

MR. M. R. NARAYANA PILLAI: ദിവാനുദ്യോഗത്തിന്റെ കാര്യമല്ലാതെതാണ ഉദ്യോഗസ്ഥന്മാരെയും ഇങ്ങനെ വരുത്തണമെന്നാണോ മെംബർ പറയുന്നതു?

MR. K. KUNJU PANICKER: സമർത്ഥന്മാരായ വിദേശിയരെ, ഇപ്പോഴത്തെ ഫിനാൻഷ്യൽ സെക്രട്ടറിയെപ്പോലുള്ള ആളുകളെ ഈ രാജ്യത്തുവരുത്തി നല്ല ഉദ്യോഗങ്ങറം കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. പബ്ലിക്ക് സർവീസ കമ്മീഷണർ അവർകറം ഒരു യൂറോപ്യനാണ്. നാമെല്ലാം അദ്ദേഹത്തിന്റെ പ്രവൃത്തികളെ വളരെ ആദരവോടുകൂടിയാണ വീക്ഷിക്കുന്നതു്. നാട്ടുകാരാണെങ്കിൽ ജാതികുശുമ്പു കാണാതിരിക്കുകയില്ല. വിദേശത്തിൽ നിന്നും വരുന്നയാളുകറംക്ക് ഈ ജാതിതിരിച്ചുള്ള കുശുമ്പു കാണാനിടയില്ല.

MR. K. R. NARAYANAN: ഇവിടത്തെ ഉപക്ഷേപം ൫൫ വയസ്സ്.

PRESIDENT: The question was raised and the honourable member might have realised that this is a motion for a cut of one rupee in the total grant. The practice is that the whole matter of general administration is open to discussion.

MR. K. KUNJUPANICKER: എനിക്കു ഈ ഹൗസിനെ ധരിപ്പിക്കുവാനുള്ളതു് നമുക്ക് കാര്യക്ഷമതയെ പ്രധാനമായി കരുതണമെന്നുള്ളതാണ്. അല്ലാതെ ജാതി ചിന്തക്കതീതമായി പെരുമാറാത്ത ആളുകറം വലിയ ഉദ്യോഗങ്ങറം വഹിച്ചാൽ പല വിഷമതകളും നേരിടാനിടയുണ്ടു്.

MR. P. NARAYANA PILLAI: സമുദായപ്രാതിനിദ്ധ്യവാദത്തിന്റെ അത്ഥശൂന്യത ഇപ്പോറം മനസ്സിലായോ?

MR. K. KUNJU PANICKER: എനിക്ക് മനസ്സിലായില്ല. ഈ നാട്ടിൽ ജാതിചിന്തയില്ലാത്ത; ജാതിക്കപ്പുറമായ മനോഭാവമുള്ള ആളുകറം വേണം നമ്മെ ഭരിക്കുവാൻ അല്ലെങ്കിൽ പ്രാതിനിദ്ധ്യമില്ലാത്ത സമുദായങ്ങറംക്കു പ്രത്യക്ഷമായ ദോഷങ്ങറം ഉള്ളതായി അനുഭവത്തിൽ കാണുന്നുണ്ടു.

MR. M. SIVATHANU PILLAI: ഈ സംസ്ഥാനത്തിലുള്ളവരുടെ ജാതിയിൽ ഉൾപ്പെട്ടവർ വെളിയിൽ ഇല്ലെന്നാണോ മെംബർ പറയുന്നതു ?

MR. K. KUNJU PANICKER: ഉണ്ടായിരിക്കാം.

MR. M. SIVATHANU PILLAI: അങ്ങനെയുള്ളവർ വന്നാലോ.

MR. K. KUNJU PANICKER: വിദഗ്ദ്ധന്മാരായ ആളുകളെ മാത്രം വെളിയിൽ നിന്നും വരുത്തുന്നതിനെ തടയരുതെന്നാണ് ഞാൻ പറഞ്ഞതിൻെറ അർത്ഥം. ഇവിടെ ന്യായമായ പ്രാതിനിദ്ധ്യം എല്ലാ പ്രധാന ജാതികൾക്കും വേണമെന്നുള്ളതു് പരമാർത്ഥമാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ഗവണ്മെൻറും ദിവാൻപ്രസിഡൻറവർകളും ഗവണ്മെൻറിൻെറ ഭരണം നടത്തുന്ന ഷേറിബഞ്ചിലിരിക്കുന്ന മററു ഉദ്യോഗസ്ഥന്മാരും ശ്രദ്ധിക്കുകയും, അപ്രകാരം ഒരു വ്യവസ്ഥ അക്ഷരംപ്രതി നടപ്പിൽ വരുത്തണമെന്ന് അപേക്ഷിക്കുകയുംചെയ്യുന്നു. അല്ലെങ്കിൽ അവശതയനുഭവിക്കുന്ന സമുദായങ്ങൾക്കു ഒരു സർവ്വീസ് സമ്പാദന മോക്ഷവും കിട്ടാൻ പോകുന്നില്ല. ഈ അഭിപ്രായത്തോടുകൂടി ൫൫ വയസ്സ എന്നുള്ളതിനെ ൫൭ വയസ്സായി നീട്ടരുതെന്നു അപേക്ഷിക്കുന്നതായ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

MR. P. S. MUHAMED : (*Quilon cum Kottarakara*) സർ, മി: വേലായുധൻപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. സമുദായപ്രാതിനിധ്യതത്വത്തിന് രണ്ടു വർഷംകൂടി ഉദ്യോഗകാലാവധി നീട്ടിക്കൊടുക്കുകയാണെങ്കിൽ സാരമായ ദൂഷ്യം ഉണ്ടായിപോകുമെന്നു ഭയപ്പെട്ടല്ല ഞാൻ ഇതിനെ അനുകൂലിക്കുന്നതു്. രണ്ടു വർഷം നീട്ടിക്കൊടുത്താൽ, ഇന്നുവരെ അസമത്വം സഹിച്ചിട്ടുള്ള ആളുകൾക്ക്, അതു് വലിയ സങ്കടമായിത്തീരുമെന്നു എനിക്ക് വിശ്വാസമില്ല. അസമത്വസമുദായങ്ങൾക്ക് മാത്രമല്ല, അമിതപ്രാതിനിധ്യമുള്ള സമുദായങ്ങൾക്കും ഇതു ആപൽക്കരമാണെന്ന് കാണാൻ കഴിയുന്നതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നതു. ഓരോ സമുദായത്തിലും, വിദ്യാഭ്യാസം കഴിഞ്ഞു് ഉദ്യോഗം ലഭിക്കാൻ കാത്തിരിക്കുന്ന യുവാക്കന്മാരുടെ സംഖ്യ ചില്ലറയല്ല. അതു അമിതപ്രാതിനിധ്യമുള്ള സമുദായങ്ങൾക്ക് അസമത്വസമുദായങ്ങളേക്കാൾ കൂടുതലാണ്. ഇങ്ങനെ ഒരു ഭങ്കരമായ നിലയിൽ ഓരോ സമുദായത്തിലേയും യുവാക്കന്മാർ അവരവർക്കു ജോലി ചെയ്യാൻ ത്രാണിയുള്ള ഉദ്യോഗങ്ങളിൽ കയറി പ്രവത്തി ചെയ്യുന്നതിന് സന്ദർഭം നോക്കിക്കൊണ്ടിരിക്കുന്നു. ൨൫ വർഷം ഉദ്യോഗത്തിലിരുന്നു, ഒരുവിധം സമ്പാദിച്ച് ഇനി വീട്ടിൽ പോയി മാനമായി ജീവിക്കണമെന്നാഗ്രഹിച്ചുകൊണ്ടിരിക്കുന്ന കുറേ ആളുകൾക്കുവേണ്ടി ഇപ്രകാരം ചെയ്യുന്നതു് സാധാരണ ജനങ്ങളെ നിരാശ

പ്പെടുത്തുന്നു എന്നു മാത്രമല്ല, അതു രാജ്യത്തിൻെറ പൊതുക്ഷേമത്തിനു നല്ലതുമല്ല. ഇപ്രകാരം ഒരു അഭിപ്രായം ഗവൺമെൻറിന് തോന്നീട്ടുള്ളതു് ഇവിടത്തെ പെൻഷൻെറ ഭാരത്തെ കുറയ്ക്കുന്നതിനാണ്. ഞാൻ പറയുന്നതു് പെൻഷൻ മററു ചെലവുകളെപ്പോലെ തന്നെ നമ്മുടെ ഗവൺമെൻറു ആദ്യംമുതൽ നിലനിത്തിക്കൊണ്ടുവരുന്നതായ ഒരു സംഖ്യയാണ്. എൻെറ അഭിപ്രായം പറയുകയാണെങ്കിൽ ഗവൺമെൻറു സർവിസിൽനിന്നും പിരിഞ്ഞുപോകുന്ന ആളുകൾക്കു മാത്രമല്ല പെൻഷൻ കൊടുക്കേണ്ടതു; നമ്മുടെ ഗവൺമെൻറിന് പണസംബന്ധമായ സൌകര്യമുണ്ടെങ്കിൽ തൊഴിലില്ലാതെ അലഞ്ഞുനടക്കുന്നവക്കും പെൻഷൻ കൊടുക്കണമെന്നാണ്. പുറത്തുള്ള പല പരിഷ്കൃതരാജ്യങ്ങളിലും തൊഴിലില്ലാത്തവക്കായി ഒരു സംഖ്യ നീക്കിവച്ചിട്ടുണ്ട്. ഉദ്യോഗത്തിലിരിക്കുന്നയാളുകൾ പിരിഞ്ഞുപോകുമ്പോൾ രണ്ടുവർഷക്കാലംകൂടി അവക്കു പെൻഷൻ കൊടുക്കണമെന്നു ഭയപ്പെടേണ്ടയാവശ്യം ഗവൺമെൻറിനും ജനപ്രതിനിധികൾക്കുമില്ല. ഈ സന്ദർഭത്തിൽ അതിനെ കുറിച്ച് ഉൽകണ്ഠയോടുകൂടി വീക്ഷിക്കേണ്ട ആവശ്യംതന്നെയില്ല. രണ്ടുവർഷംകൂടി മാത്രമാണ് കാലാവധി കൊടുക്കുന്നതു്. അതു കഴിഞ്ഞാൽ ഇവരെല്ലാം മരിക്കണമെന്നു് ആഗ്രഹിക്കുന്നില്ല. അവർ ദീർഘകാലം ജീവിച്ചിരിക്കണമെന്നാണ് എൻെറ ആഗ്രഹം. മറെറാന്നു് ഇങ്ങനെ പെൻഷൻ വാങ്ങി കഴിഞ്ഞാൽ ഈ സംഖ്യ കുറേക്കാലം കഴിയുമ്പോൾ ധാരാളമായി വർദ്ധിച്ചുപോകുമെന്നു് വിചാരിക്കേണ്ടയാവശ്യമില്ല. രാജ്യത്തിൻെറ വരവും അതനുസരിച്ച് വർദ്ധിക്കുകതന്നെ ചെയ്യും. വളരെക്കാലം സർവീസിലിരുന്നു ജോലിചെയ്തയാളുകൾക്ക്, അവർ സർവീസിൽനിന്നും പിരിഞ്ഞുപോകുമ്പോൾ പെൻഷൻ കൊടുക്കാതെയിരിക്കുന്നതു് ഒരിക്കലും ശരിയല്ലെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. പെൻഷനെ മുൻനിത്തി നാം ഒരിക്കലും, ൫൫ വയസ്സിനെ ൫൩ ആക്കേണ്ടയാവശ്യമില്ല. കാര്യക്ഷമതയെ പരിഗണിച്ചാണെങ്കിൽ ഗവൺമെൻറിന്, ചില സമത്ഥന്മാരായ ഉദ്യോഗസ്ഥന്മാരെ സർവീസിലാവശ്യമുണ്ടെന്നു തോന്നിയാൽ, അവരെ അപ്രകാരം വച്ചുകൊണ്ടിരിക്കുന്നതിനുള്ള അധികാരം ഗവൺമെൻറിന് ഇന്നുണ്ട്. മേലാൽ ഉണ്ടായിരിക്കുകയും ചെയ്യണം. അതു രാജ്യത്തിൻെറ പൊതുവായ നിലക്ക് നല്ലതുമാണു. അതല്ലാതെ ഇങ്ങനെ ഒരു ജനറൽ റൂൾ ഉണ്ടാക്കുന്നതു് ഒരിക്കലും ശരിയല്ലെന്നാണു എൻെറ അഭിപ്രായം. ഇനി വിദേശത്തുനിന്നും ഉദ്യോഗസ്ഥന്മാരെ ഇവിടെ വരുത്തുക എന്നുള്ള പൊതുവായ തത്വത്തെ ആശ്രയിച്ചു നോക്കിയാൽ

അതിനെ ഞാൻ എതിർക്കുകതന്നെ ചെയ്യും. വിദേശത്തുള്ള അതിസമർത്ഥന്മാരായ ചിലർ ഈ സംസ്ഥാനത്തിന് ആവശ്യമുണ്ടെന്ന് കണ്ടാൽ അങ്ങിനെയുള്ളവരെ വരുത്തുന്നതിന് മഹാരാജാവു തിരുമനസ്സിന് എപ്പോഴും അധികാരമുണ്ടായിരിക്കും. അതിനെ ഇവിടെ ഉള്ളവരാരും തന്നെ എതിർക്കുകയില്ല. എതിർക്കുവാൻ അധികാരവുമില്ല. എനിക്ക് പറയുവാനുള്ളത് ഇന്നത്തെ പ്രസിഡൻറിനെപ്പോലെയുള്ളയാളുകളെ ഒഴിച്ചാൽ മററു നിലയിലുള്ളയാളുകൾ, ഇവിടെ ദിവാൻജിമാരായി വരുന്നതിനേക്കാൾ, അതിലും കുറഞ്ഞ തരത്തിലുള്ള തിരുവിതാംകൂറുകാരെക്കൊണ്ടു ഞങ്ങൾ തൃപ്തിപ്പെട്ടുകൊള്ളുമെന്നാണ്. സർ, അങ്ങ് ഈ രാജ്യത്തിൽ ദിവാൻജിയായിരിക്കുന്നതു് രാജ്യത്തിനു അഭിവൃദ്ധിയാണെന്നുള്ള ബോദ്ധ്യം ഞങ്ങൾക്കുള്ളതുകൊണ്ടു, അങ്ങ് എന്നും ഞങ്ങളുടെ ദിവാൻജിയായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. അതിൽ ഞങ്ങൾക്ക് വയസ്സുക്ലിപ്തതയോ സമയക്ലിപ്തതയോ ഇല്ല. അതു കഴിഞ്ഞാൽ, രാജ്യത്തിന് കുറെ ദൂഷ്യം സംഭവിച്ചാൽതന്നേയും, തിരുവിതാംകൂറുകാരനായിരിക്കണം ഇവിടത്തെ ദിവാൻജി.

MR. N. NARAYANA KURUP : സർ, ഈ ഉപക്ഷേപത്തിലടങ്ങിയിരിക്കുന്ന തത്വത്തെ സംബന്ധിച്ച് ഞാൻ ഒരു നിശ്ചയം അയച്ചിരുന്നതു ഇത്തവണ തെരഞ്ഞെടുത്തിട്ടുണ്ട്. ഇനിയും ഒരവസരം വരുമ്പോൾ ഇതിനെപ്പററി വീണ്ടും ചർച്ചിതചർവ്വണം നടത്തണമെന്നുദ്ദേശിക്കുന്നില്ല. അതുകൊണ്ട് തൽക്കാലം രണ്ടു വാക്കുമാത്രം ഈ ഉപക്ഷേപത്തെ ആസ്പദമാക്കി പറഞ്ഞുകൊള്ളട്ടെ: ദിവാൻപ്രസിഡൻറ് ഒരു തിരുവിതാംകൂർകാരനാണെന്നുള്ള അദ്ദേഹത്തിൻെറ അഭിപ്രായം സമ്മതിച്ചുകൊണ്ടു വിദേശീയ ഇറക്കുമതിയെ സംബന്ധിച്ച് രണ്ടു വാക്കു പറയണമെന്നുദ്ദേശിക്കുന്നു.

PRESIDENT : Even otherwise you can say so.

MR. N. NARAYANA KURUP : എൻെറ ചില മാന്യസ്നേഹിതന്മാരുടെ അഭിപ്രായം അനുസരിച്ചാണെങ്കിൽ ഇവിടത്തെ ലീഗൽ റിമംബ്രൻസർ, ചീഫ്സെക്രട്ടറി, മി. ഇ. ഐ. ചാക്കോ. വിദ്യാഭ്യാസവകുപ്പിലെ മേലദ്ധ്യക്ഷൻ ഇവരെ ഇപ്പോൾതന്നെ അതാതു ഡിപ്പാർട്ടുമെൻറിൽനിന്നും പറഞ്ഞയക്കണം. എന്നാൽ അങ്ങനെ പറയാനുള്ള മനഃസ്ഥിതി എനിക്കില്ല. മിടുക്കന്മാരും പക്ഷപാതമില്ലാത്തവരുമായ തിരുവിതാംകൂർകാർ ഇവിടെയുണ്ട്. വിദേശീയരായ ദിവൻജിമാർ വന്നാൽ അവരെ ശസമുദായക്കാർക്കു ഗുണം ചെയ്യും. സ്വദേശികളായ ദിവാൻജിമാർ

[Mr. N. Narayana Kurup.]

വന്നാൽ അപ്രകാരം ഗുണമുണ്ടാകയില്ല എന്നുള്ള വാദത്തിന് ഞാൻ തയാറില്ല. മിടുക്കന്മാരും പക്ഷപാതമില്ലാത്തവരുമായ തിരുവിതാംകൂർകാർ ഇവിടെയുണ്ട്. സ്വല്പം ന്യായബോധത്തോടും കാര്യബോധത്തോടുംകൂടി വിചിന്തനം ചെയ്താൽ ഓരോ ദിവാൻജിമാരും വിദേശത്തുനിന്നും വന്നിട്ടുള്ള മററു ആഫീസറന്മാരും കുറെ എല്ലാം പക്ഷപാതബുദ്ധികൂടാതെതന്നെ പ്രവർത്തിച്ചിട്ടുണ്ടെന്നു കാണാം. ചില സമുദായങ്ങൾക്കു കൂടുതൽ പ്രാതിനിധ്യം പബ്ളിക്ക് സർവീസിൽ ലഭിച്ചിട്ടുള്ളതു് ഓരോ അവസരങ്ങളിൽ ഇവിടത്തെ ദിവാൻജിമാരായിരുന്നിട്ടുള്ളവരുടെ സമുദായങ്ങളിൽപ്പെട്ട ആളുകൾക്കു കൂടുതൽ സഹായങ്ങൾ നൾകിയതുകൊണ്ടാണെന്നും ഇതിനെ പരിഹരിക്കാൻ കഴിയുന്നത്ര ശ്രമിക്കാമെന്നും കഴിഞ്ഞ ഒരവസരത്തിൽ ഇന്നത്തെ ദിവാൻജി അവർകൾതന്നെ പ്രസ്താവിക്കയുണ്ടായി.

PRESIDENT: I made no statement about the future. I made a statement about the past and I do not claim any credit for it.

MR. N. NARAYANA KURUP: ഞാൻ പ്രതീക്ഷിക്കുക മാത്രമേ ചെയ്യുന്നുള്ളു. ഏതായാലും വിദേശിയരായ ആളുകൾ വിദഗ്ധന്മാരാണെന്നു കണ്ടാൽ നമ്മുടെ കളിമൺ വിദഗ്ധനെപ്പോലെ—നമുക്കു നാട്ടിൽ കൊണ്ടുവരണം. ഇപ്രകാരം വന്നുവന്നു തിരുവിതാംകൂറിൽ പരദേശത്തുള്ളവർ മാത്രമായിത്തീർന്നാൽപോലും തരക്കേടില്ലെന്നാണ് ചിലർ വാദിക്കുന്നതു്. അതിനോടു ഞാൻ യോജിക്കുന്നില്ല. ഒടുവിൽ തിരുവിതാംകൂർ പ്രജകളെല്ലാം തന്നെ വിദേശീയരായിക്കൊള്ളട്ടെ എന്നു പറയേണ്ടതായിവരും. സർ, നിവൃത്തിയുള്ള പക്ഷം വിദേശീയരെ ഇവിടെ ഇറക്കുമതിചെയ്തു ഞങ്ങളെ ഭരിപ്പിക്കരുതു്. ഇനി ൫൫ വയസ്സിനെപ്പററി രണ്ടുവാക്കു കൂടി പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. ൫൫ വയസ്സ് എന്നുള്ളതു് ൬൦ ആയി നീട്ടിയാൽ പെൻഷൻസംഖ്യ കുറയുമെന്നു ഒരു ന്യായം ഇവിടെ പറഞ്ഞു. അതു് പരമാർത്ഥമായിരിക്കാം. ഇവിടത്തെ ജനങ്ങൾ അവരുടെ സന്താനപരമ്പരകളെപ്പററി ഒരു നിമിഷം വിചാരിക്കുന്നുണ്ടെങ്കിൽ പത്തുവർഷത്തിനിടയിൽ ജനസംഖ്യ പത്തുലക്ഷം കൂടി വർദ്ധിച്ചു് ഇത്തരത്തിൽ ക്രമപ്രവൃദ്ധമായി വർദ്ധിച്ചു് വളർന്നുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ കാലാവധി നീട്ടിക്കിട്ടണമെന്നാശിക്കാൻ തരമില്ല. ആശിക്കുന്നെങ്കിൽ വെറും സ്വാർത്ഥമാണ്. അനുവദിക്കാൻ പാടില്ല. തൊഴിലില്ലാതെ അലയുന്ന അനേകലക്ഷം, യുവജനങ്ങളെ വിചാരിച്ചാൽ, സഹോദരസ്നേഹമുള്ള ഉദ്യോഗസ്ഥന്മാർ കാലാവധി നീട്ടിക്കിട്ടാൻ ആഗ്രഹിക്കയില്ല. ഗവണ്മെൻറു കാലാവധി നീട്ടിയാലും സ്വ\

കരിക്കയില്ല. അവർ ൨൫ വർഷം ജോലി നോക്കി ൫൫ വയസ്സു കഴിയുമ്പോൾ പെൻഷൻ തന്നേ മതിയാകും എന്നപേക്ഷിച്ചാൽ ഗവമ്മെൻറു എങ്ങിനെ ലാഭം വരുത്തുമെന്നാണ് ഞാൻ ചോദിക്കുന്നതു്. അതിനാൽ നമ്മുടെ യുവജനങ്ങളെ ഉദ്ദേശിച്ചെങ്കിലും ഈ കടുംകൈ ഗവമ്മെൻറു പ്രവൎത്തിക്കരുതെന്നാണ്. പെൻഷൻ സംഖ്യ കുറക്കാമെന്നുള്ള ഉദ്ദേശത്തിൽ കാലാവധി നീട്ടുന്നതാണെങ്കിൽ ൨൦൦ രൂപായ്ക്കു താഴെയുള്ള ഉദ്യോഗസ്ഥന്മാരുടെ കാലാവധി മാത്രം നീട്ടാമെന്നു വിചാരിക്കുന്നതു് എന്തിന്? ൨൦൦ രൂപയ്ക്കുമേൽ ദിവാൻജിവരെയുള്ളവരെ ഇതു ബാധിക്കാത്തതു എന്തുകൊണ്ടാണ്? ദിവാൻജിമാർക്ക് സാധാരണ പെൻഷൻ കൊടുക്കാറില്ല. എന്നാൽ ഇന്നത്തെ ദിവാൻജി ഒരു നാട്ടുകാരനാണെന്നു വന്നിരിക്കുന്നതുകൊണ്ടു് പെൻഷൻ ഉണ്ടായിരിക്കും. യുദ്ധം കഴിയുന്നതുവരെ തിരുവിതാംകൂറിലുള്ള സകല ഉദ്യോഗസ്ഥന്മാരേയും അവരുടെ വയസ്സു എത്രതന്നെയായാലും ജോലിചെയ്യാൻ ശേഷി ഉണ്ടെങ്കിൽ ജോലിചെയ്യാൻ അനുവദിച്ചു പെൻഷൻ ലാഭം ഉണ്ടാക്കണം. അതിനു ശമ്പളത്തിനു് അതിർത്തി നിർണ്ണയിച്ചു്, പക്ഷപാതം കാണിക്കേണ്ടയാവശ്യമില്ല. അത്രയും കാലം സകല ഉദ്യോഗസ്ഥന്മാരും സുഖിക്കട്ടെ. അവരുടെ സന്താനങ്ങളുൾപ്പെട്ട യുവജനതാപം ഏൽക്കട്ടെ. പെൻഷൻ ലാഭം വരുത്തുന്നതിന്, ആ ഏർപ്പാടു നിർത്തുകയാണു വേണ്ടതു്. ഏതുദ്യോഗത്തിൻെറയും കാലാവധി പത്തുകൊല്ലമാക്കണം. ഉദ്യോഗം കഴിഞ്ഞു പിരിയുമ്പോൾ ഒരു സംഖ്യ ഉദ്യോഗസ്ഥനു മൊത്തമായി കിട്ടത്തക്കവണ്ണം ഉദ്യോഗകാലത്തുതന്നെ അതിനു പൎയ്യാപ്തമായ വിധത്തിലുള്ള പ്രോവിഡൻറുഫണ്ടു് ഉണ്ടാക്കണം. ഈ കാലസ്ഥിതിക്കു ആ വ്യവസ്ഥയിൽ ഉദ്യോഗം കാര്യക്ഷമമാംവണ്ണം നോക്കുന്നതിനു അനേകലക്ഷം യുവജനങ്ങൾ തയ്യാറാകുന്നതുമാണ്. ഇന്നത്തെ സക്കാർ വക്കീലന്മാരുടെ ഉദ്യോഗകാലാവധി അഞ്ചുകൊല്ലമായിട്ടും, പെൻഷനൊ പ്രാവിഡൻറുഫണ്ടൊ ഇല്ലാതിരുന്നിട്ടും ആ ഉദ്യോഗത്തിനു അപേക്ഷകരില്ലാതെ വന്നിട്ടില്ല. ആ ജോലിചെയ്യുന്നവരുടെ കാര്യക്ഷമതക്കു കുറവുള്ളതായി പരാതിയും കേൾക്കുന്നില്ല. ഒന്നുകിൽ അപ്രകാരം ഒരു വ്യവസ്ഥയുണ്ടാക്കി പെൻഷൻ ഭാരം കുറക്കണം. അല്ലാത്തപക്ഷം നിലവിലിരിക്കുന്ന നിയമമനുസരിച്ചു്, ഏതുദ്യോഗസ്ഥനേയും അൻപത്തഞ്ചുവയസ്സ് തികയുമ്പോൾ പറഞ്ഞയക്കണം. അതിനാൽ വിദ്യാഭ്യാസത്തിൽ ഉയന്നനില പ്രാപിച്ചിട്ടുള്ളവരും അല്ലാത്തവരുമായ നമ്മുടെ യുവാക്കന്മാരെ വിചാരിച്ചെങ്കിലും അൻപത്തഞ്ചുവയസ്സ് നിയമം അൻപത്തേഴാക്കരുതെന്നഭിപ്രായപ്പെട്ടുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തോടനുകൂലിക്കുന്നു.

MR. KAVIYOOR K.K. KOCHUKUNJU: സർ, ഈ ഉപക്ഷേപത്തോട് ആത്മാർത്ഥമായി യോജിക്കുന്നു. ഉപക്ഷേപത്തോട് ഞാൻ അനുകൂലിക്കുന്നതു് ഇവിടത്തെ ന്യൂനപക്ഷസമുദായങ്ങളുടെ സ്ഥിതിഗതികളെക്കുറിച്ചു ചുരുക്കം ചില സംഗതികൾ ബഹുമാനപ്പെട്ട ഗവൺമെൻറിൻെറയും ഈ സഭയുടേയും സവിശേഷമായ ശ്രദ്ധയ്ക്കു് വിധേയമാക്കുവാൻ വേണ്ടിമാത്രമാണ്.

സർ, ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ ദയാപൂർവ്വമായ സഹായങ്ങൾ നിമിത്തം സമീപകാലത്തു മാത്രം ലഭിച്ച വിദ്യാഭ്യാസ സൗകര്യം കൊണ്ടു് ന്യൂനപക്ഷസമുദായങ്ങളിൽ നിന്നും ചുരുക്കം ചില താണതരം പരീക്ഷാവിജയം സമ്പാദിച്ചിട്ടുള്ളവർ ഇന്നുണ്ടു്. അവർ ഉദ്യോഗകാംക്ഷയോടുകൂടി മുമ്പോട്ടു വരുമ്പോൾ കരുണയേറിയ ഗവൺമെൻറിൽ നിന്നും അവർക്കു് അർഹമായ പ്രോത്സാഹനങ്ങൾ നൽകാതെയിരുന്നാൽ ആയതു് ഭാവിതലമുറകളുടെ വിദ്യാഭ്യാസപുരോഗതിയേക്കൂടി സാരമായി ബാധിക്കുന്നതാണ്. ഇവിടെ പലപ്പോഴും ഉദ്യോഗവഴക്കും ജാതി വഴക്കും കൊണ്ടു് പൊറുതിയില്ലാതെ ആകുന്നു. അതിനു് ഒരു ന്യായമായ പരിഹാരം ഉണ്ടാക്കേണ്ടതു ഗവൺമെൻറാണ്.

സർ, ഹൈന്ദവ ന്യൂനപക്ഷങ്ങളെ മററു് ഹിന്ദുക്കൾ എന്നും ക്രിസ്ത്യൻസമുദായത്തിലെ ന്യൂനപക്ഷങ്ങളെ മററു് ക്രിസ്ത്യൻ എന്നും ആണല്ലോ അറിയപ്പെടുന്നതു്. മററു് ഹിന്ദുക്കളെക്കുറിച്ചാണ് എനിക്കു് പ്രധാനമായി ചില സംഗതികൾ ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ ശ്രദ്ധക്കു വിധേയമാക്കുവാനുള്ളതു്. മററു് ഹിന്ദുക്കളുടെ പട്ടിക പരിശോധിച്ചാൽ ഈ സാധുസമുദായങ്ങളുടെ ദയനീയാവസ്ഥ സവിശേഷം മനസ്സിലാക്കാവുന്നതാണ്. മററു് ഹൈന്ദവകൂട്ടത്തിൽ വാരിയത്തുറെഡ്യാർ അവർകളെപ്പോലുള്ള വാണിജ്യപ്രമുഖന്മാർ ഉൾപ്പെട്ട സമുദായവും ഞാൻ ഗുരുനിർവിശേഷമായി ആദരിക്കയും ബഹുമാനിക്കയും ചെയ്തുപോരുന്ന നമ്മുടെ ഡിപ്യൂട്ടി പ്രസിഡൻറിനെപ്പോലുള്ള പ്രഭുക്കന്മാർ ഉൾപ്പെട്ട സമുദായവും, പയനിയർ മുതലാളിയെപ്പോലുള്ള വ്യവസായപ്രമുഖന്മാർ ഉൾപ്പെട്ട സമുദായവും അതേ സമയം കുടിപ്പാൻ കഞ്ഞിയും കിടപ്പാൻ ഇടവും ഇല്ലാത്ത കാണിക്കാർ, നായാടി, വേടന്മാർ മുതലായ സാധുസമുദായങ്ങളും പുരാതനകാലംമുതൽക്കേ മററുള്ളവർക്കു് ശുചിയായി നടക്കുന്നതിനും ആരോഗ്യഗാത്രരായി ജീവിക്കുന്നതിനും മററുമായി വസ്ത്രമലക്കി

ക്കൊട്ടത്ത് മററുള്ളവരെ വിശ്വസ്തതയോടെ സേവിച്ചുപോരുന്ന എൻെറ സമുദായം ഉൾപ്പെടുന്നുണ്ടെന്നുള്ള പരമാത്ഥം ബഹുമാനപ്പെട്ട മെംബർ കരുണാപൂർവം ചിന്തിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

സർ, എനിക്ക് ഗവണ്മെൻറിൽനിന്നും തന്നിരിക്കുന്ന മററുഹിന്ദുക്കളുടെ പട്ടികപരിശോധിച്ചാൽ ഇതിൽ ജാതിയാൽ ജാതി സൃഷ്ടിച്ചു ഹിന്ദുജാതികളുടെ നമ്പരുകൾ വർദ്ധിപ്പിച്ചിരിക്കുന്നുവെന്ന് കാണാം. ഉദാഹരണമായി പറയുന്നപക്ഷം വാണിയർ സമുദായത്തെ ഇലവാണിയർ, വാണിയൻ, വാണിക്ക്, വൈശ്യൻ എന്ന് പലരായി പിരിച്ചിരിക്കുന്നു. അതുപോലെതന്നെ വേലർ, കൊച്ചുവേലൻ, മലവേലൻ, ഉള്ളാടൻ എന്നു പലതായി പിരിച്ചിരിക്കുന്നു. വർണ്ണവസമുദായത്തിൻെറ സബ്ഡിവിഷനെ, വെലർ എന്നും പരവൻ എന്നും (പതിയൻ, വണ്ണാൻ, മണ്ണാൻ,) എന്ന് ഒന്നായിട്ടും വർണ്ണവർ എന്ന് പ്രത്യേകമായും ഇട്ടിരിക്കുന്നു. വർണ്ണവസമുദാത്തിൻെറ ഉപവിഭാഗങ്ങളെ എല്ലാം ഒരേ ഗ്രൂപ്പിൽ ഉൾപ്പെടുത്തി ഒന്നായി സ്വീകരിക്കാതെ മേൽപ്പറഞ്ഞവിധം ഒന്ന് പലതായി വർദ്ധിപ്പിച്ചിരിക്കയാകുന്നു. മേൽ പ്രസ്താവിച്ച മററു സമുദായങ്ങളേയും ഒന്ന് പലതായി കാണുന്നു. ഇപ്രകാരം ഒരേ സമുദായത്തിൽ ഉൾപ്പെട്ടവരെ പലതായി പിരിച്ച് ജാതികളുടെ എണ്ണം വർദ്ധിപ്പിച്ചിരിക്കയാണ്.

വർണ്ണവസമുദായത്തിൻെറ അവാന്തരസമുദായങ്ങൾ ഒന്നായി ഒരേ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് വളരെക്കാലങ്ങളായി ഞങ്ങൾ അധികാരസ്ഥാനങ്ങളെ ഇടവിടാതെ അറിയിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. ഈ സംസ്ഥാനത്തേയും ഇവിടെ അധിവസിക്കുന്ന ജനങ്ങളേയും കുറിച്ച് വേണ്ടവിധം പരിജ്ഞാനം സിദ്ധിച്ചിട്ടുള്ള മഹാനായ ഡാക്ടർ എൻ. കുഞ്ഞൻപിള്ള അവർകൾ ൧൯൩൧-ലെ സെൻസസ് റിപ്പോർട്ടിൽ അദ്ദേഹത്തിൻെറ സ്വതസിദ്ധമായ ദീർഘവീക്ഷണത്തോടുകൂടി ഒരു ദീർഘദർശി എന്നോണം ഇവിടുത്തെ വർണ്ണവരുടെ ഏകീകരണമനോഭാവത്തെ മുക്തകണ്ഠം സ്തുതിച്ചും ഞങ്ങളുടെ ഈ സംരംഭം ഇതര ന്യൂനപക്ഷസമുദായങ്ങൾക്ക് ഒരു മാതൃകയായി തീരുമെന്ന് മനഃപൂർവം ആശംസിച്ചും രേഖപ്പെടുത്തിട്ടുള്ളതും ഇന്നും ഞങ്ങൾ നന്ദിപൂർവംസ്മരിക്കുന്നു. സർ, ജഗൽപ്രസിദ്ധമായ ക്ഷേത്രപ്രവേശന തിരുവെഴുത്തുവിളംബരത്തിൽ അന്നദാതാവായ പൊന്നുതമ്പുരാൻ തിരുമനസ്സിലെക്ക് വിശിഷ്ടോപദേശം നൽകിയ മഹാനായ അവിടുത്തെ ഭരണകാലത്ത് ഈ വഞ്ചിഭൂമിയിൽ അധിവസിക്കുന്ന ഹൈന്ദവരുടെ ഇടയിൽ അഞ്ഞൂറിൽ അധികം ജാതികളെവച്ചു

[Mr. Kaviyoor K. K. Kochukunju.]

പുലത്തുന്നതും നമ്മുടെ നാട്ടിന്റെ ഇന്നത്തെ നിലയ്ക്കു് അഭിമാനകരമാണോ എന്നു് ഞാൻ വിനയപൂർവം ചോദിച്ചുകൊള്ളട്ടെ. സർ, വണ്ണവസമുദായത്തിന്റെ അവാന്തരവിഭാഗങ്ങൾ ഏകീകരിക്കുന്നതിനു ആരൊ അതിനു് പ്രതിബന്ധമായി നില്ക്കുന്നുവെന്നു് ചില ഉദ്യോഗസ്ഥന്മാർ ഞങ്ങളോടു് ചിലപ്പോൾ പറഞ്ഞു ഞങ്ങളുടെ ഉദ്യമത്തെ തടയുന്നുണ്ടു. ഇപ്രകാരം ചില നിസ്സാരസംഗതികൾ മുൻ നിർത്തിക്കൊണ്ടു് ഞങ്ങളുടെ അഭിപ്രായങ്ങൾ ശിഥിലമാക്കുവാൻ ശ്രമിക്കുന്നവരോടു് വിനീതനായി ഒന്നു ചോദിച്ചുകൊള്ളട്ടെ. സർ, കറികൾക്കു സ്വാദും ഗുണവും വർദ്ധിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി നാം കടുകു വറുക്കുമ്പോൾ പാത്രത്തിൽ സമാധാനമായിക്കിടക്കാതെ എത്ര കടുകുകൾ ആണു പൊട്ടിത്തെറിച്ചു് പാത്രത്തിനു വെളിയിൽ പോകുക. എന്നാൽ പാത്രത്തിൽനിന്നും വെളിയിൽ പോയ കടുകുകൾ ആരെങ്കിലും അന്വേഷിച്ചു് കണ്ടുപിടിച്ചു് വീണ്ടും ആ പാത്രത്തിൽ നിക്ഷേപിക്കുവാൻ ഉടങ്ങുന്നുണ്ടോ? അതുപോലെ വ്യവസ്ഥാപിതമായ സമുദായസംഘടനയിൽ നിയമങ്ങൾക്കു വിധേയരായി നിന്നു് നീതിപാലിക്കുവാൻ നിവർത്തിയില്ലാത്ത ചില സ്വാർത്ഥലോലുപന്മാർ സംഘടനയിൽനിന്നും തിരിച്ചു് വെളിയിൽ പോയി മറഞ്ഞു നിന്നുകൊണ്ടു് ചെയ്യുന്ന കുപ്രചരണങ്ങൾ ഒരു സമുദായത്തിന്റെ പൊതുക്ഷേമത്തെ ഹനിക്കുന്നതിനുള്ള ആയുധങ്ങളായി അധികാരസ്ഥാനങ്ങളിൽ കരുതിയാൽ ഞങ്ങളെപ്പോലുള്ള സാധുസമുദായങ്ങൾ ധർമ്മസങ്കടത്തിൽപ്പെട്ടുഴലുകയേയുള്ളുവെന്നുമാത്രമല്ലാ കാലക്രമംകൊണ്ടു് നാമാവശേഷമായി തീരുന്നതിനു തന്നെയും ഇടവരുന്നതാണു.

RAJYASEVAPRAVINA G. PARAMESWARAN PILLAI: Sir, in issuing the circular relating to the extension of service in the case of those officers who draw a salary of Rs. 100 and below and those who will not have completed their 57th year in Makaram 1118, the object of the Government was merely to elicit the opinion of honourable members of this House in regard to the general question relating to the extension of service for two years after the superannuation age of 55. The Government are greatly obliged to the honourable members for having freely expressed their views on this subject and I may assure this honourable House that Government will bestow their serious consideration to all the aspects presented before it in the course of the debate. Government have not committed themselves one way or the other in regard to this matter.

